മി. സ്പീക്കർ: ഓർഡർ......ഓർഡർ.......ചോദ്യം നമ്പർ *181

കേരള ബാങ്കിന് അന്യസംസ്ഥാന ശാഖകൾ

1(*181)ശ്രീ. കെ. എം. ഷാജിക്കുവേണ്ടി (ശ്രീ. പി. ഉബൈദുള്ള):
ശ്രീ. അബ്ദുൽ ഹമീദ് പി.:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. എം. സി. കമറുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിന് അന്യസംസ്ഥാനങ്ങളിൽ ശാഖകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കേരള സഹകരണ സംഘം നിയമം അനുസരിച്ച് കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന് അന്യസംസ്ഥാനങ്ങളിൽ ശാഖകൾ തുടങ്ങാൻ അനുമതിയുണ്ടോ;

(സി) കേരള ബാങ്കിന് അന്യസംസ്ഥാനങ്ങളിൽ ശാഖകൾ തുടങ്ങുന്നുവെങ്കിൽ ആയത് ഏത് നിയമപ്രകാരമാണെന്ന് വെളിപ്പെടുത്താമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ,

(എ) കേരള ബാങ്കിന് അന്യസംസ്ഥാനങ്ങളിൽ ശാഖകൾ ആരംഭിക്കുന്ന

വിഷയം ഭാവിയിൽ പരിഗണിക്കുന്നതാണ്. കേരള ബാങ്ക് ബൈലോയിൽ താഴെപ്പറയുന്ന രീതിയിലാണ് ഇക്കാര്യം ഉൾപ്പെടുത്തിയിട്ടുള്ളത്:

" Area of operation: - Its operation shall extend to the whole of the Kerala State. It can be extended outside the State of Kerala/India with the permission of the Government/ Regulators."

(ബി) നിലവിൽ അനുമതിയില്ല.

(സി) 1969-ലെ കേരള സഹകരണ സംഘം നിയമം അനുശാസിച്ചാണ് നിലവിൽ കേരള സംസ്ഥാന സഹകരണ ബാങ്ക് പ്രവർത്തിച്ചുവരുന്നത്. ഈ ബാങ്കിന് അന്യസംസ്ഥാനങ്ങളിൽ ശാഖകൾ തുടങ്ങുന്നതിന് അനുമതി നേടുന്നത് ആലോചനയിലുണ്ട്. നിയമാനുസൃതം അതിനായി ശ്രമിക്കും.

ശ്രീ. കെ. എം. ഷാജിക്കുവേണ്ടി ശ്രീ. പി. ഉബൈദുള്ള: സർ, കേരളാ ബാങ്ക് നിലവിൽ വരുമ്പോൾ എല്ലാ ആധുനിക സംവിധാനങ്ങളുടെയും സൗകര്യം ഇടപാടുകാർക്ക് ഉറപ്പാക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിരുന്നു. എന്നാലിപ്പോൾ നിലവിലുള്ള സൗകര്യംകൂടി നഷ്ടപ്പെട്ടതായാണ് അറിയാൻ കഴിയുന്നത്. കോഴിക്കോട്, ഇടുക്കി, വയനാട് ജില്ലാ ബാങ്കുകളിൽ

എൻ.ആർ.ഇ. നിക്ഷേപ സൗകര്യമുണ്ടായിരുന്നു. ഇപ്പോൾ അവിടെ അത് ഇല്ലാതായതുവഴി എൻ.ആർ.ഇ. ഡെപ്പോസിറ്റർമാർ കബളിപ്പിക്കപ്പെടുമോ എന്നുള്ള സംശയം നിലവിലുണ്ട്. അതുകൊണ്ട് എൻ.ആർ.ഇ. ഡെപ്പോസിറ്റർമാരുടെ താല്പര്യം സംരക്ഷിക്കുന്നതിനുവേണ്ടി സർക്കാർ നടപടി സ്വീകരിക്കുമോ; അതോടൊപ്പം ഇത് കേരളത്തിന്റെ ബാങ്കായി മാറാൻ പോകുകയാണ്. ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രിയുടെ തന്നെ ചുമതലയിലുള്ള ദേവസ്വം ബോർഡ് ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട സ്ഥാപനങ്ങളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയുമെല്ലാം ഇടപാടുകൾ സ്വകാര്യ വാണിജ്യ ബാങ്കുകളിലും ന്യൂ ജനറേഷൻ ബാങ്കുകളിലുമാണ്. ഇത് കേരളത്തിന്റെ മൊത്തം ബാങ്കായി വരുന്നതോടുകൂടി ഇത്തരം പൊതുമേഖലാ സ്ഥാപനങ്ങളുടേത് ഉൾപ്പെടെയുള്ള ഡെപ്പോസിറ്റുകൾ കേരളാ ബാങ്കിലേക്ക് മാറ്റാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, അങ്ങയുടെ ചോദ്യത്തോട് വളരെ സന്തോഷത്തോടുകൂടിയാണ് ഞാൻ പ്രതികരിക്കുന്നത്. കേരളാ ബാങ്ക് യാഥാർത്ഥ്യമായെന്ന സത്യം അംഗീകരിക്കാൻ അങ്ങും അങ്ങയുടെ പാർട്ടിയും തയ്യാറായതിൽ വളരെയേറെ ആഹ്ലാദവും തികഞ്ഞ അഭിമാനവുമുണ്ട്. കഴിഞ്ഞ

രണ്ടുമൂന്ന് വർഷക്കാലത്തിലധികമുള്ള നമ്മുടെ നിരന്തരമായ പരിശ്രമത്തിന്റെ ഉല്പന്നമാണ് കേരളാ ബാങ്ക്. ഇന്നിപ്പോൾ അങ്ങ് സൂചിപ്പിച്ചതുപോലെ, അതിന്റെ സംയോജന ഘട്ടത്തിലുണ്ടാകുന്നതായിട്ടുള്ള ചില പ്രശ്നങ്ങൾ നമ്മൾ നേരിടുന്നുണ്ട്. അതിൽ എൻ.ആർ.ഐ. അക്കൗണ്ടുകളെ സംബന്ധിച്ചിടത്തോളം അങ്ങ് പറഞ്ഞ ഒരു കാര്യവുമുണ്ട്. സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് എൻ.ആർ.ഐ. അക്കൗണ്ടിന് അപേക്ഷിക്കാൻ അർഹത നേടിയ ഘട്ടത്തിൽത്തന്നെ അപേക്ഷ സമർപ്പിച്ചിട്ടുണ്ടായിരുന്നു. മാർച്ച് മാസം കഴിയുമ്പോഴേക്കും അക്കാര്യത്തിൽ തീരുമാനമുണ്ടാകുമെന്ന് തന്നെയാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഒരു കാര്യം തുടക്കത്തിൽ പറയാൻ വിട്ടുപോയി. ഈ ചോദ്യത്തിൽ അന്യസംസ്ഥാനമെന്ന പ്രയോഗമുണ്ട്. അത് ഇതര സംസ്ഥാനം എന്നാക്കി മാറ്റണമെന്ന് അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, അങ്ങനെയാണ് ചോദ്യം കൊടുത്തത്.

<u>മി. സ്പീക്കർ</u>: ശ്രീ. പി. ഉബൈദുള്ള, ചോദ്യം അങ്ങ് കൊടുത്തതാണോ?

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ചോദ്യം അങ്ങനെ കൊടുത്താൽപോലും ഇവിടെവച്ച് തിരുത്തേണ്ടതല്ലേ; അത് പ്രിന്റ് ചെയ്യുമ്പോൾ നോക്കേണ്ടതല്ലേ.

മി. സ്പീക്കർ: പശു കുത്തിയതിനല്ല, രാമൻ കണ്ടതിനാണ് കുഴപ്പം അല്ലേ?

ശ്രീ. പി. ഉബൈദുള്ള: സർ, നിയമസഭാ രേഖകളിൽ അത് കറക്ട് ചെയ്യണമെന്നാണ് പറഞ്ഞത്.

മി. സ്പീക്കർ: ശരി. ചോദ്യത്തിലേയ്ക്ക് വരൂ.

ശ്രീ. പി. ഉബൈദുള്ള: സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത് കേരളാ ബാങ്ക് എന്ന ആശയം അംഗീകരിച്ചതിൽ സന്തോഷമുണ്ടെന്നാണ്. പക്ഷെ, കേരളാ ബാങ്ക് നിലവിൽ വരുമ്പോൾ ഇടപാടുകാർക്ക് ലഭ്യമാക്കുമെന്ന് പറഞ്ഞ സൗകര്യങ്ങൾ ഇല്ലാതായി, നിലവിലുള്ള സൗകര്യങ്ങൾ നഷ്ടപ്പെടുന്ന സാഹചര്യമുണ്ടായി. അതിനെക്കുറിച്ചാണ് ഞാൻ ചോദിച്ചത്. പ്രാഥമിക ബാങ്കുകളിലെ ഇടപാടുകാർക്കുകൂടി ഇതിന്റെ ഗുണഫലം ലഭിക്കുമെന്നും ഇപ്പോൾ ഈടാക്കിക്കൊണ്ടിരിക്കുന്ന പലിശയിൽ ഇളവ് വരുത്തുമെന്നുമുള്ള കാര്യങ്ങളെല്ലാം അന്നുതന്നെ പറഞ്ഞിരുന്നു. ഇത്തരം നടപടികൾ എവിടെ എത്തിയിട്ടുണ്ടെന്നുകൂടി പറയണം. അതുപോലെ കേരളാ ബാങ്ക് നിലവിൽ വരുന്നതിന് മുമ്പ് ജില്ലാ ബാങ്കുകളിൽ ജോലി ചെയ്തിരുന്ന ജീവനക്കാരുണ്ട്. ജില്ലാ ബാങ്കുകളിൽ ജോലി ചെയ്തിരുന്നപ്പോൾ റിട്ടയർ ചെയ്താൽ അവർക്ക് പി.എഫ്., ഗ്രാറ്റുവിറ്റി ഇതെല്ലാം സമയബന്ധിതമായി ലഭിച്ചിരുന്നു. ഇപ്പോൾ

കേരളാ ബാങ്ക് നിലവിൽ വന്നതോടുകൂടി അതാത് ബാങ്കുകളിൽനിന്നും തിരുവനന്തപുരത്തേയ്ക്ക് അയച്ച് അത് കിട്ടാനെല്ലാം വലിയ കാലതാമസം നേരിടുകയാണ്. യഥാർത്ഥത്തിൽ ഇവിടെ പറഞ്ഞയത്ര എളുപ്പത്തിൽ കേരളാ ബാങ്കിന്റെ പ്രവർത്തനം നീങ്ങുന്നില്ല എന്നാണ് ഇതെല്ലാം സൂചിപ്പിക്കുന്നത്. ജീവനക്കാർക്ക് പ്രശ്നമുണ്ട്, ഇടപാടുകാർക്ക് പ്രശ്നമുണ്ട്. ഇത്തരം പ്രശ്നങ്ങളെല്ലാം പരിഹരിച്ച് എന്നത്തേയ്ക്ക് നിങ്ങൾ ഉദ്ദേശിച്ചതുപോലെ കേരളാ ബാങ്കിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയും?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, അങ്ങ് സൂചിപ്പിക്കുന്നതുപോലെ ലയനപ്രക്രിയ നടക്കുന്ന സന്ദർഭത്തിലുണ്ടാകാവുന്ന സാധാരണ ചില പ്രശ്നങ്ങൾ മാത്രമാണ് ഇപ്പോൾ നിലനിൽക്കുന്നത്. എൻ.ആർ.ഐ. അക്കൗണ്ടിനെ സംബന്ധിച്ചാണ് അങ്ങിവിടെ സംസാരിച്ചത്. എൻ.ആർ.ഐ. അക്കൗണ്ടിനെ സംബന്ധിച്ചിടത്തോളം കേരളാ ബാങ്ക് റിസർവ് ബാങ്കിനെ സമീപിച്ചിട്ടുണ്ട്. മാർച്ച് മാസത്തോടുകൂടി എൻ.ആർ.ഐ. അക്കൗണ്ട് സംസ്ഥാനത്താകെ വ്യാപിപ്പിക്കുന്നതിന് വേണ്ടിയുള്ള നടപടി സ്വീകരിക്കാൻ സാധിക്കും. ഞാൻ നേരത്തേ സൂചിപ്പിക്കുകയുണ്ടായി, ഇതിന്റെ ഗുണഫലം യഥാർത്ഥത്തിൽ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് ലഭ്യമാകും. അതിന്

അല്പസമയമെടുക്കും. അതിനാവശ്യമായ സാങ്കേതികമായ ഏകീകരണം ആവശ്യമാണ്. അതിന്റെ നടപടികളുമായി മുന്നോട്ട് പോയിക്കൊണ്ടിരിക്കുകയാണ്. അങ്ങ് നേരത്തേ ചോദിച്ച ഒരു ചോദ്യത്തിന്റെ മറുപടി ഞാൻ പറഞ്ഞിരുന്നില്ല. നമ്മുടെ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ, ദേവസ്വം ബോർഡ് പോലെയുള്ള സ്ഥാപനങ്ങൾ എന്നിവയുടെ അക്കൗണ്ടുകൾ കേരളാ ബാങ്കിലേക്ക് മാറ്റുന്നതിനാവശ്യമായിട്ടുള്ള നടപടികളിലേക്ക് നമുക്ക് നീങ്ങേണ്ടതായിട്ടുണ്ട്. ഇപ്പോൾ കേരളാ ബാങ്ക് രൂപീകരിച്ച് വന്നിട്ടേയുള്ളൂ. അതെല്ലാം വളരെ പെട്ടെന്നുതന്നെ നമുക്ക് യാഥാർത്ഥ്യമാക്കാൻ കഴിയുന്ന വസ്തുതകളാണ്. നിങ്ങളുടെയെല്ലാവരുടെയും സഹകരണമുണ്ടെങ്കിൽ വളരെപ്പെട്ടെന്നുതന്നെ ഇതെല്ലാം യാഥാർത്ഥ്യമാക്കാൻ സാധിക്കും. ദിവസവും കത്തുകുത്തുകളുമായി നടക്കുന്നതുകൊണ്ടുള്ള പ്രയാസമാണ് യഥാർത്ഥത്തിൽ ഇപ്പോൾ അഭിമുഖീകരിക്കുന്നത്. എഴുത്തെഴുതുന്ന പരിപാടി അവസാനിപ്പിക്കാൻ ശ്രമിച്ചാൽ വളരെപ്പെട്ടെന്ന് നമുക്കിത് യാഥാർത്ഥ്യമാക്കാൻ സാധിക്കും.

ശ്രീ. അബ്ദുൽ ഹമീദ് പി.: സർ, നമ്മുടെ സഹകരണ ഡിപ്പാർട്ട്മെന്റിന്റെ ഓഡിറ്റ് പരിശോധനയിൽ ജില്ലാ ബാങ്കുകളെല്ലാം ലാഭത്തിലും 9%-ത്തിൽ

കൂടുതൽ മൂലധന പര്യാപ്തതയും ആർജ്ജിച്ചുവെന്നായിരുന്നു റിപ്പോർട്ട്. തുടർന്ന് നടന്ന നബാർഡിന്റെ പരിശോധനയിൽ മൂന്ന് ജില്ലാ ബാങ്കുകൾ നഷ്ടത്തിലും നിർദ്ദിഷ്ട മൂലധന പര്യാപ്തത ആർജ്ജിച്ചിട്ടുമില്ലെന്നുമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അങ്ങനെയെങ്കിൽ എന്താണ് അതുമായി ബന്ധപ്പെട്ടുള്ള തുടർ നടപടിയെന്ന് വ്യക്തമാക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ആദരണീയനായ അങ്ങയെപ്പോലെ ഒരു അംഗം നബാർഡിന്റെ പരിശോധന സംബന്ധിച്ച് തികഞ്ഞ വ്യക്തതയുള്ള ആളാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അങ്ങ് ദീർഘകാലമായി സഹകരണ രംഗത്ത് നിൽക്കുന്ന പ്രമുഖനായ സഹകാരിയാണ്. നേരത്തേയുള്ള ഒരു ആക്ഷേപമെന്ന് പറയുന്നത് ലാഭത്തിൽ പ്രവർത്തിക്കുന്നവയാണ് എല്ലാ ജില്ലാ ബാങ്കുകളും, അവയെ നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംസ്ഥാന ബാങ്കിനോട് ലയിപ്പിക്കാൻ ശ്രമിക്കുന്നുവെന്നതാണ്. സാധാരണഗതിയിൽ മുമ്പും ജില്ലാ ബാങ്കുകൾ അവരുടെ ഓഡിറ്റ് നടത്താറുണ്ടെന്ന് അങ്ങേയ്ക്കറിയാവുന്നതാണ്. ആ ഓഡിറ്റിൽ ചില ന്യൂനതകൾ പിന്നീട് നബാർഡ് കണ്ടുപിടിക്കാറുണ്ട്. ആ ന്യൂനതകളെ സംബന്ധിച്ച് ബാങ്ക്

അധികൃതർക്ക് അവർ കത്ത് നൽകാറുണ്ട്. ബാങ്ക് അധികൃതരും നബാർഡും തമ്മിൽ അക്കാര്യം സംബന്ധിച്ച് ചർച്ച ചെയ്യാറുമുണ്ട്. പരിഹരിക്കാൻ കഴിയുന്നവ പരിഹരിച്ച് ഫൈനലായിട്ടുള്ള തീരുമാനമെടുക്കാറുണ്ട്. ഇവിടെയും അതിനപ്പുറമൊന്നും സംഭവിച്ചിട്ടില്ല. തുടക്കം മുതൽ തന്നെ കേരളാ ബാങ്കിന്റെ രൂപീകരണത്തെ വളരെ ശക്തിയായി എതിർക്കുന്ന കേരളത്തിലെ ഒരു മാധ്യമം നബാർഡിന്റെ സാധാരണ ഗതിയിലുള്ള പരിശോധനാ റിപ്പോർട്ടിനെ പർവ്വതീകരിച്ച് കേരളത്തിലെ ഗവൺമെന്റ് എന്തോ കള്ളം കാണിച്ചുവെന്ന് റിപ്പോർട്ട് ചെയ്തു. അതിന്റെ വാർത്ത തന്നെ തുടങ്ങുന്നത് 'കള്ളക്കണക്ക്, കേരളാ ബാങ്ക് സർക്കാർ നൽകിയത് കള്ളക്കണക്ക് എന്നുപറഞ്ഞാണ്. 'കണക്കുകളിൽ തിരിമറി നടത്തിയത് റിസർവ് ബാങ്കിന്റെ അന്തിമ അനുമതി ലഭിക്കാനെന്ന് നബാർഡ് റിപ്പോർട്ട്'. റിസർവ് ബാങ്ക് മുമ്പാകെ സംസ്ഥാന ഗവൺമെന്റ് കേരളാ ബാങ്കിനായുള്ള അനുമതിക്ക് അപേക്ഷിച്ചത് നബാർഡ് മുഖാന്തരമാണ്. അന്തിമാനുമതിക്ക് വേണ്ടിയുള്ള അപേക്ഷ ഏതാണ്ട് മൂന്ന് മാസക്കാലമാണ് തിരുവനന്തപുരത്തെ റീജിയണൽ ഓഫീസ് പരിശോധിച്ചത്. അതിനുശേഷം നബാർഡിന്റെ ഹെഡ്ക്വാർട്ടേഴ്സ് പരിശോധിച്ചു. ഒന്നര മാസക്കാലം ഹെഡ്ക്വാർട്ടേഴ്സിന്റെ പരിശോധനയും കഴിഞ്ഞാണ് റിസർവ്

ബാങ്കിന് സമർപ്പിച്ചത്. ഇതിനാവശ്യമായ അപേക്ഷ നബാർഡ് മുഖാന്തിരമാണ്, നബാർഡിന്റെ സൂക്ഷ്മമായ പരിശോധനയ്ക്ക് വിധേയമാക്കിയാണ് റിസർവ് ബാങ്കിന് സമർപ്പിച്ചത്. റിസർവ് ബാങ്കിന്റെ എല്ലാ തലങ്ങളിലുമുള്ള പരിശോധനയ്ക്കുശേഷമാണ് സംസ്ഥാന ഗവൺമെന്റിന് അനുമതി നൽകികൊണ്ടുള്ള ഉത്തരവുണ്ടായത്. ഇതാണ് യാഥാർത്ഥ്യം. സംസ്ഥാന ഗവൺമെന്റ് ഇക്കാര്യത്തിൽ ഒരു തരത്തിലുമുള്ള പിശകും കാണിച്ചിട്ടില്ല. മുൻകാലങ്ങളിൽനിന്നും വ്യത്യസ്തമായി ഫോറൻസിക് ഓഡിറ്റാണ്, വളരെ സൂക്ഷ്മമായ പരിശോധനയാണ് നബാർഡ് ഇപ്രാവശ്യം നടത്തിയത്. നമ്മുടെ ഓഡിറ്റർമാർ നടത്തിയ പരിശോധനയിൽ പ്രൊവിഷൻ വയ്ക്കാത്ത ചില വായ്പകൾ, ഉദാഹരണത്തിന് ഇ.എം.എസ്. ഭവന പദ്ധതി, അതുപോലെ സർക്കാരിന്റെ ചില ലോണുകൾ ഇവയ്ക്കൊന്നും പ്രൊവിഷൻ വയ്ക്കാറില്ല. അത്തരം വായ്പകൾക്ക് നബാർഡ് പ്രൊവിഷൻ വച്ചു. അതിന്റെ ഭാഗമായി ചില നഷ്ടങ്ങൾ ഉണ്ടായി. ചില വായ്പകളാണെങ്കിൽ മാനദണ്ഡം പാലിക്കാതെ പുതുക്കി നൽകി എൻ.പി.എ. ഒഴിവാക്കി. ഇതെല്ലാമാണ് നബാർഡിന്റെ പരിശോധനയിൽ വന്ന കാര്യങ്ങൾ. ജില്ലാ ബാങ്കുളുടെ സി.ആർ.ഇ.ആർ. എന്നുപറയുന്നത്, ആലപ്പുഴ ഡി.സി.ബി.യിൽ നമ്മുടെ

ഓഡിറ്റ് പ്രകാരമുണ്ടായിരുന്നത് 10.29 ആണ്, അത് നബാർഡ് പരിശോധിച്ചപ്പോൾ 9.08 ആയി. എറണാകുളം ഡി.സി.ബി.യിൽ നമ്മുടെ ഓഡിറ്റ് പ്രകാരം 12.48 ആയിരുന്നു, അത് നബാർഡിന്റെ ഓഡിറ്റിൽ 9.02 ആയി. ഇടുക്കി 9.18 ആയിരുന്നത് 8.35 ആയി. കാസർഗോഡ് 10.10 ആയിരുന്നത് 9.16 ആയി. കൊല്ലം 10.98 ആയിരുന്നത് 10.46 ആയി. കോഴിക്കോട് 10.17 ആയിരുന്നത് 10.07 ആയി. മലപ്പുറം 11.24 ആയിരുന്നത് 11.18 ആയി. പത്തനംതിട്ട 7.75 ആയിരുന്നത് 7.08 ആയി. തിരുവനന്തപുരം -10.05 ആയിരുന്നത് -10.77 ആയി. വയനാട് 9.54 ആയിരുന്നത് 7.90 ആയി. തൃശ്ശൂർ 11.24 ആയിരുന്നത് 10.60 ആയി. അതുപോലെ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റേത് നമ്മുടെ ഓഡിറ്റ് പരിശോധനയിൽ 22.84 ആയിരുന്നത് 22.67 ആയി. ഇപ്രകാരം നേരത്തെ ഉന്നയിച്ചിരുന്ന ആരോപണത്തിൽനിന്നും വ്യത്യസ്തമായ ഒരു മാറ്റം വന്നിട്ടുണ്ട്. നമ്മുടെ കാര്യത്തിൽ മാത്രമല്ല, നമ്മുടെ രാജ്യത്തിലെ എല്ലാ പ്രമുഖ ബാങ്കുകളിലും ഇത്തരത്തിലുള്ള പരിശോധനയിലുണ്ടായ മാറ്റംകൂടി ഞാൻ ചൂണ്ടിക്കാണിക്കാം. ഈ വാർത്തയെ സംബന്ധിച്ച് നബാർഡ് തന്നെ ഞങ്ങൾ അങ്ങനെ പറഞ്ഞിട്ടില്ലെന്ന വിശദീകരണ കുറിപ്പ് കൊടുത്തിട്ടുണ്ട്. അതിനെ

സംബന്ധിച്ചൊന്നും ഞാൻ ഇവിടെ ദീർഘമായി സംസാരിക്കുന്നില്ല. നമ്മുടെ രാജ്യത്തെ പ്രമുഖമായ പല ബാങ്കുകളും, ഉദാഹരണത്തിന് എസ്.ബി.ഐ. ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട ബാങ്കാണല്ലോ, 2018-19 സാമ്പത്തിക വർഷം എസ്.ബി.ഐ. നൽകിയ കണക്ക് ആർ.ബി.ഐ.യുടെ പരിശോധന കഴിഞ്ഞപ്പോൾ ലാഭം നഷ്ടമായി മാറുന്ന സാഹചര്യമുണ്ടായി. എസ്.ബി.ഐ. ലാഭം കാണിച്ചത് 862 കോടി രൂപയായിരുന്നു. ആർ.ബി.ഐ.യുടെ പരിശോധനയ്ക്കുശേഷം നഷ്ടം 6,968 കോടി രൂപയായി. അത് ഗവൺമെന്റിനെ പറ്റിച്ചതാണെന്ന് പറയാൻ സാധിക്കുമോ? അവിടെ മാത്രമല്ല, പല ബാങ്കുകളും അങ്ങനെയാണ്. കുറച്ച് ബാങ്കുകളുടെ കണക്ക് എന്റെ കൈവശമുണ്ട്. ബാങ്ക് ഓഫ് ബറോഡ നഷ്ടം കാണിച്ചത് 8,339 കോടി രൂപയായിരുന്നു. പക്ഷെ, ആർ.ബി.ഐ.യുടെ പരിശോധനയ്ക്കുശേഷം 10,998 കോടി രൂപയായി. YesBank ലാഭം കാണിച്ചത് 1,720 കോടി രൂപയായിരുന്നു. പരിശോധനയ്ക്കുശേഷം അത് 1,084 കോടി രൂപയായി. പഞ്ചാബ് നാഷണൽ ബാങ്ക് നഷ്ടം കാണിച്ചത് 9975 കോടി രൂപയായിരുന്നു. അത് പരിശോധനയ്ക്കുശേഷം 11,036 കോടി രൂപയായി. ഇത് കേരളത്തിലെ പ്രമുഖമായ ഒരു പത്രം നമ്മുടെ സംസ്ഥാന ഗവൺമെന്റിനെയും കേരള

ബാങ്കിനെയും അപകീർത്തിപ്പെടുത്തുന്നതിനുവേണ്ടി നടത്തിയ വളരെ മോശമായ ഒരു പരിശ്രമമാണ്. സംസ്ഥാന ഗവൺമെന്റ് ആർ.ബി.ഐ.യുടെ അനുമതി കിട്ടുന്നതിനുവേണ്ടി കള്ളം പറഞ്ഞുവെന്ന് ഈ രാജ്യത്ത് ലക്ഷക്കണക്കിന് ആളുകൾ വായിക്കുന്ന പ്രമുഖമായ ഒരു പത്രമാണ് പറഞ്ഞത്. ആതുകൊണ്ടാണ് ഞാൻ ഇത് വിശദീകരിക്കുന്നത്. നമ്മുടെ രാജ്യത്തെ എല്ലാ ബാങ്കുകളെ സംബന്ധിച്ചും ഉയർന്നതലത്തിലുള്ള സൂക്ഷ്മമായ പരിശോധന വരുമ്പോൾ ചില മാറ്റങ്ങൾ സ്വാഭാവികമായും വരും. ആ മാറ്റങ്ങളെ ആ അർത്ഥത്തിൽ കാണാതെ സർക്കാരിനെ അപകീർത്തിപ്പെടുത്തുന്നതിനും മോശപ്പെടുത്തുന്നതിനുംവേണ്ടി ഒരു നീക്കം നടത്തിയതിന്റെ ഭാഗമായാണ് ഈ രംഗത്ത് ദീർഘകാലത്തെ പരിചയമുള്ള ഒരു അംഗം പോലും ഈ ചോദ്യം ചോദിക്കാൻ ഇടയായത്. ഗവൺമെന്റ് ഇക്കാര്യത്തിൽ യാതൊരു തരത്തിലുള്ള പിശകും കാണിച്ചിട്ടില്ല. ആർ.ബി.ഐ.യുടെ അനുമതി നബാർഡ് മുഖാന്തരമാണ് നാം വാങ്ങിയത്. നബാർഡിന്റെ സൂക്ഷ്മമായ പരിശോധനയ്ക്ക് ഇതെല്ലാം വിധേയമായതാണ്. ഞാൻ മറ്റ് ബാങ്കുകളുടെ ലാഭനഷ്ട കണക്കുകളിലേയ്ക്ക് പോകുന്നില്ല. സൂക്ഷ്മമായ പരിശോധന നടക്കുമ്പോഴുണ്ടാകുന്ന ഒരു ചെറിയ മാറ്റം മാത്രമാണ് ഉണ്ടായിട്ടുള്ളത്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, സംസ്ഥാനത്തെ എല്ലാ ജില്ലാ ബാങ്കുകളെയും ലയിപ്പിച്ചാണ് കേരളാ ബാങ്ക് ഉണ്ടായിട്ടുള്ളത്. ഓരോ ജില്ലാ ബാങ്കുകൾക്കും കേരളാ ബാങ്കിൽ ചേരാനും ചേരാതിരിക്കാനുമുള്ള സ്വാതന്ത്ര്യം അനുവദിക്കപ്പെട്ടതാണ്. അങ്ങനെ മലപ്പുറം ജില്ലാ ബാങ്ക് കേരളാ ബാങ്കിൽ ചേരാതെ നിൽക്കുകയാണ്. അതിനുള്ള സ്വാതന്ത്ര്യം അവർക്കുണ്ട്. മാത്രമല്ല കേരളാ ബാങ്കിൽ ലയിക്കേണ്ടതില്ലെന്ന് അവിടുത്തെ പ്രാഥമിക സഹകരണ സംഘങ്ങൾ ചേർന്നാണ് തീരുമാനിച്ചത്. അങ്ങനെയൊരു തീരുമാനമെടുത്ത് ജില്ലാ ബാങ്കിന് പ്രത്യേകമായി നിൽക്കാൻ നിയമപരമായ അനുവാദമുണ്ടായിരിക്കെ ജില്ലാ ബാങ്കിന് കീഴിൽ വരുന്ന പ്രാഥമിക സഹകരണ സ്ഥാപനങ്ങളെ കേരള ബാങ്കിൽ ലയിപ്പിച്ച നടപടിയും അതിന് ഓർഡിനൻസ് കൊണ്ടുവന്ന നടപടിയുമെല്ലാം ജനാധിപത്യത്തിന് വിരുദ്ധമല്ലേ? സഹകരണ തത്വത്തിന്റെ അടിസ്ഥാനഘടകമെന്ന് പറയുന്നത് അതിന്റെ ജനാധിപത്യ സ്വഭാവമാണ്. ജനാധിപത്യ സ്വഭാവത്തെയാണ് നിങ്ങൾ തകർത്തിരിക്കുന്നത്. ഇത് ശരിയായ നടപടിയാണോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, നമ്മുടെ സംസ്ഥാനത്ത് 13 അല്ല, 14 ജില്ലകളാണുള്ളത്. 14 ജില്ലാ ബാങ്കുകളും സംസ്ഥാന ബാങ്കും ലയിച്ച് കേരള

ബാങ്ക് രൂപീകരിക്കുമെന്നായിരുന്നു പ്രഖ്യാപനം. അങ്ങ് പറഞ്ഞതുപോലെ ലയിക്കാനും ലയിക്കാതിരിക്കാനുമുള്ള സ്വാതന്ത്ര്യം എല്ലാ ജില്ലാ ബാങ്കുകൾക്കുമുണ്ടായിരുന്നു എന്ന കാര്യത്തിൽ ഒരു സംശയവുമില്ല. മലപ്പുറം ജില്ലാ ബാങ്ക് എന്തുകൊണ്ട് കേരള ബാങ്കിൽ ലയിച്ചില്ല എന്ന ചോദ്യത്തിന്റെ മറുപടി, അത് കേവലമായ സങ്കുചിത രാഷ്ട്രീയ കാരണങ്ങളാൽ മാത്രമാണ്. സങ്കുചിത രാഷ്ട്രീയ കാരണങ്ങളെക്കാൾ പ്രധാനമെന്നുപറയുന്നത് രാജ്യത്തിന്റെ പൊതുവായ താത്പര്യമായിരിക്കണം. അവിടെ അങ്ങ് കാണേണ്ട ഒരു കാര്യം, അങ്ങയുടെ പാർട്ടിയിൽപ്പെട്ട ജീവനക്കാരാണ് മലപ്പുറം ജില്ലാ ബാങ്കിലെ നാനൂറോളം ജീവനക്കാരിൽ മഹാഭൂരിപക്ഷവും. അവർ 400 പേരും ഒപ്പിട്ട ഒരു നിവേദനം എനിക്കും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും പ്രതിപക്ഷനേതാവിനും ബഹുമാനപ്പെട്ട മുനീർ സഹാബിനും അങ്ങയുടെയും നമ്മുടെയെല്ലാം നേതാവുമായ ശ്രീ. കുഞ്ഞാലിക്കുട്ടി സാഹിബിനും കൊടുത്തു. അവിടെയുള്ള പ്രാഥമിക ബാങ്കുകളിൽ 31 ബാങ്കുകളെങ്കിലും കേരള ബാങ്കിൽ ലയിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് കോടതിയിൽ കേസിന് പോയിരിക്കുകയാണ്. സഹകാരികൾ കോടതിയെ സമീപിച്ചിരിക്കുകയാണ്. സങ്കുചിതമായ രാഷ്ട്രീയ താത്പര്യങ്ങൾ വെടിഞ്ഞ് രാജ്യത്തിന്റെ പൊതുവായ

താത്പര്യത്തിനുവേണ്ടി അൽപം ത്യാഗം സഹിക്കാൻ വേണ്ടി അങ്ങ് തയ്യാറാകണം. ജില്ലാ ബാങ്കിലെ ഒരു പ്രസിഡന്റ് സ്ഥാനവും ഒരു വൈസ് പ്രസിഡന്റ് സ്ഥാനവും അതിനപ്പുറമേതാനും ഡയറക്ടർ ബോർഡ് സ്ഥാനവുമാണ് ആത്യന്തികമായി വേണ്ടതെന്ന ഒരു ധാരണ വച്ചുപുലർത്തുന്നത് ശരിയല്ലെന്നുമാത്രമേ ഞാൻ പറയുന്നുള്ളൂ.

ശ്രീ. എം. സി. കമറുദ്ദീൻ: സർ, കേരളത്തിലെ സഹകരണ പ്രസ്ഥാനം സമ്പുഷ്ടമാക്കുന്നതിന് പ്രവാസികളുടെ വലിയ പങ്കുണ്ടായിരുന്നു. എന്നാൽ മൂന്ന് ജില്ലാ ബാങ്കുകളിൽ എൻ.ആർ.ഇ. നിക്ഷേപം സ്വീകരിക്കാനുള്ള സൗകര്യം യഥാർത്ഥത്തിൽ നഷ്ടപ്പെട്ടിരിക്കുകയാണ്. അത് പ്രവാസികളുടെ വിശ്വാസ്യത തകരാനിടയാക്കിയിട്ടുണ്ടെന്ന് എല്ലാവർക്കുമറിയാവുന്ന കാര്യമാണ്. വാസ്തവത്തിൽ പ്രവാസികൾ ആഗ്രഹിക്കുന്നത് പ്രാഥമിക ബാങ്കുകളിലടക്കം എൻ.ആർ.ഇ. ഡെപ്പോസിറ്റ് സ്വീകരിക്കാനുള്ള സൗകര്യം വേണമെന്നാണ്. സഹകരണ മേഖല ശക്തിപ്പെടുത്തുന്നതിൽ പ്രവാസികൾ വഹിച്ച പങ്ക് നമുക്കൊരിക്കലും നിഷേധിക്കാൻ സാധിക്കില്ല. അതുകൊണ്ട് സഹകരണ ബാങ്കുകളിൽ പ്രവാസികളെ ആകർഷിക്കുന്നതിന് ഡെപ്പോസിറ്റ് സ്വീകരിക്കുന്ന സംവിധാനം പുനഃസ്ഥാപിക്കുമോ എന്നതാണ് എന്റെ ചോദ്യം.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, NRI/NRO നിക്ഷേപങ്ങൾ സ്വീകരിക്കുന്നതരത്തിലുള്ള ആധുനികമായ ബാങ്കിംഗ് സംവിധാനമുള്ളതായിരിക്കും കേരള ബാങ്കെന്ന് ഞാൻ നേരത്തെതന്നെ പറഞ്ഞിരുന്നു. അതിന് നമ്മൾ റിസർവ് ബാങ്കിനെ സമീപിച്ചിരിക്കുകയാണ്. ഏറ്റവും കൂടുതൽ പ്രവാസികളുള്ള മലപ്പുറം ജില്ലയിലെ ജില്ലാ ബാങ്കിനുപോലും എൻ.ആർ.ഇ. നിക്ഷേപം സ്വീകരിക്കാൻ ഇക്കാലമത്രയും അനുവാദമില്ലാതിരുന്നു. അത് സംസ്ഥാനത്തെ എല്ലാ ബാങ്കുകൾക്കും നൽകുന്നതിനുവേണ്ടിയുള്ള നടപടിയുടെ ഭാഗമായുള്ള നീക്കമാണ് നടത്തുന്നത്. സമീപഭാവിയിൽ തന്നെ നമുക്കത് സാധിതപ്രായമാകുമെന്ന് കരുതാം.

ചീഫ് വിപ്പ് (ശ്രീ. കെ. രാജൻ): സർ, ഇവിടെ സൂചിപ്പിക്കപ്പെട്ടതുപോലെ കേരളത്തിന്റെ മാതൃകാ ബാങ്കായിരുന്ന സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ ഉൾപ്പെടെ ലയിപ്പിക്കപ്പെട്ടതോടുകൂടി കേരളത്തിന്റെ ജനകീയ ബാങ്കിംഗ് രംഗം ഒരു ചോദ്യചിഹ്നമായി മാറുകയായിരുന്നു. കിട്ടാക്കടം എഴുതിത്തള്ളുന്ന കുത്തകകൾക്ക് മാത്രമായി ബാങ്കിംഗ് രംഗം മാറ്റപ്പെടുകയും സാധാരണക്കാരുടെ ബാങ്കിംഗ് ഇടപാടുകൾ ദുഷ്കരമാകുകയും ചെയ്യുന്ന ഒരു ഘട്ടത്തിലാണ് സഹകരണ പ്രസ്ഥാനത്തിന്റെ ജനകീയതയും ലാളിത്യവുമൊക്കെ

ഉൾക്കൊണ്ടുകൊണ്ട് കേരള ബാങ്ക് എന്ന കേരളത്തിന്റെ ആശയം മുന്നോട്ടുവരുന്നത്. ഇത്തരം ഒരു ബാങ്കിംഗ് സംവിധാനം കൊണ്ടുവന്ന് കേരളത്തിലെ സാധാരണക്കാർക്ക് ബാങ്കിംഗ് മേഖല പ്രാപ്യമാക്കിയതിൽ സർക്കാരിനെയും അങ്ങയെയും ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ ഒരു പുതിയ ബാങ്കിംഗ് സംവിധാനം വരുന്നതിന്റെ ചില പ്രശ്നങ്ങൾ ഒരുപക്ഷെ ഈ ബാങ്കിംഗ് മേഖലയിൽ കണ്ടേക്കാം. എന്റെ ചോദ്യം, എല്ലാ അർത്ഥത്തിലും റിസർവ് ബാങ്കിന്റെ നിയമത്തിലെ രണ്ടാം ഷെഡ്യൂളിൽ പറയുന്ന തരത്തിലുള്ള ഒരു ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കായി കേരള ബാങ്കിനെ നിലനിർത്താൻ കഴിയുമോ; കേരള ബാങ്ക് രൂപീകരിച്ചതിനുശേഷം ബാങ്കിംഗ് പ്രവർത്തനപഥത്തിലെത്തിക്കുന്നതിനുവേണ്ടി കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, കേരള ബാങ്ക് രൂപീകരിച്ചതിനുശേഷം നവംബർ മാസം 29-ാം തീയതി ഇതിന്റെ ലയനം പൂർത്തീകരിച്ചു. ഒരു ഇടക്കാല ഭരണസമിതി അധികാരമേറ്റു. 13 ജില്ലാ സഹകരണബാങ്കുകളുടെയും എസ്.എൽ.ആർ., സി.ആർ.ആർ. ഏകീകരിച്ചു.

ഈ അക്കൗണ്ടുകളെ റിസർവ് ബാങ്കിലേയ്ക്ക് മാറ്റി. കോർ ബാങ്കിംഗ് സോഫ്റ്റ്വെയർ ഏകീകരണത്തിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ചുവരികയാണ്. ബാങ്കുകളുടെ ബാലൻസ് ഷീറ്റ് ഏകീകരണം, ആസ്തി ബാധ്യതകളുടെ ലയനം ഇതെല്ലാം തന്നെ പൂർത്തീകരിച്ചുവരികയാണ്. ജീവനക്കാരുടെ ഏകീകരണം, ശമ്പളപരിഷ്കരണം ഈ ചർച്ചകൾ ഇപ്പോൾ നടന്നുവരികയാണ്. ഫിറ്റ് ആന്റ് പ്രോപ്പർ മാനദണ്ഡമനുസരിച്ച് മാനേജിംഗ് ഡയറക്ടറുടെ നിയമനം നടത്തിയിട്ടുണ്ട്. 2020 ജനുവരി 20-ന് കേരള ബാങ്കിന്റെ പ്രഥമ ജനറൽ ബോഡി യോഗം ചേർന്ന് ബൈലോ ഭേദഗതി അംഗീകരിച്ചു. കേരള ബാങ്കിന്റെ ദർശനരേഖ വരുന്ന മൂന്നുവർഷക്കാലത്തെ ഒരു ബിസിനസ് പ്ലാൻ ഇതെല്ലാം അംഗീകരിച്ചുകഴിഞ്ഞിട്ടുണ്ട്. ആർ.ബി.ഐ.-യുടെ അന്തിമ അനുമതിയിലെ എല്ലാ കാര്യങ്ങളും 31.03.2020-നകം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. നമ്മുടെ സംസ്ഥാനത്തെതന്നെ ഒന്നാമത്തെ ബാങ്കും ജനങ്ങൾക്കുവേണ്ടിയുള്ള ബാങ്കുമാക്കി മാറ്റുന്നതിനുവേണ്ടിയുള്ള നടപടിയാണ് ഈ ബാങ്ക് സ്വീകരിക്കുന്നത്. കൃഷിക്കാരെ സംബന്ധിച്ചിടത്തോളം പലിശ കുറച്ച് കാർഷിക വായ്പ നൽകാൻ സാധിക്കും. കാർഷികേതര വായ്പയിലും പലിശ

ഇളവ് നൽകി സഹായിക്കാൻ സാധിക്കും. ഇങ്ങനെ വിവിധ സേവനങ്ങൾ നൽകാൻ സാധിക്കുന്ന; ആധുനികമായ ബാങ്കിംഗ് സേവനങ്ങളെല്ലാം നൽകാൻ സാധിക്കുന്ന ഒരു ബാങ്ക് എന്ന ആശയമാണ് കേരള ബാങ്കിന്റെ രൂപീകരണത്തിന്റെ പിന്നിലുള്ളത്.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, ചില പ്രൈമറി ബാങ്കുകൾ സാമ്പത്തികമായി വളരെ തകർന്ന അവസ്ഥയിൽ ഡെപ്പോസിറ്റുകാർക്ക് പണം മടക്കിക്കൊടുക്കാൻ കഴിയാത്ത; ജീവനക്കാർക്ക് ശമ്പളം കൊടുക്കാൻ കഴിയാത്ത തരത്തിലുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ അങ്ങനെയൊരു സ്ഥാപനത്തിനെ സംബന്ധിച്ച് ഞാൻ മന്ത്രിക്ക് ഒരു അപേക്ഷ നൽകിയിരുന്നു. അതിലെ പ്രശ്നം, ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീം എന്നുപറയുന്ന സ്കീം നിലവിലുണ്ടെങ്കിൽപ്പോലും അതിൽനിന്നും ആർക്കും ഈ സഹായധനം ലഭിക്കുന്നില്ല. നിക്ഷേപകർക്ക് പണം തിരികെ കിട്ടാത്ത ഒരു സാഹചര്യമുണ്ട്. കാരണം ലിക്വിഡേറ്റ് ചെയ്ത സംഘങ്ങളിൽ മാത്രമാണ്, ആ സംഘത്തിലെ നിക്ഷേപകർക്ക് ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീം പ്രകാരം പണം ലഭിക്കുന്നത്. ഒരു സംഘം സാമ്പത്തികമായി തകരാറിലേയ്ക്ക് വന്നാൽ; അതിനെ റിവൈവ് ചെയ്യത്തക്ക രൂപത്തിൽ അല്ലെങ്കിൽ സമീപത്തുള്ള മറ്റൊരു സംഘത്തിലേയ്ക്ക് അമാൽഗമേറ്റ് ചെയ്യാൻ

പ്രൊവിഷനുണ്ട്. അങ്ങനെയുള്ള ലയനത്തിന്റെ സമയത്തും ഈ ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീം പ്രകാരം നിക്ഷേപകർക്ക് അവരുടെ പണം കുറെയെങ്കിലും തിരികെ കിട്ടുന്നതിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ; ആ സ്കീമിലെ പോരായ്മകൾ പരിഹരിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ലിക്വിഡേഷന് ശേഷം മാത്രമാണ് അങ്ങ് പറഞ്ഞതുപോലെ ആ സഹായം നൽകാൻ സാധിക്കുക. തകർച്ചയിലേയ്ക്ക് പോകുന്ന ബാങ്കുകൾ എങ്ങനെ തകർച്ചയിലേയ്ക്ക് പോകുന്നുവെന്നുള്ളതും നമ്മൾ പരിശോധനയ്ക്ക് വിഷയമാക്കേണ്ട കാര്യമാണ്. വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. അത്തരം ബാങ്കുകളിലെ നിക്ഷേപകരെ സംരക്ഷിക്കാനാവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. രണ്ടുമൂന്ന് ബാങ്കുകളുടെ കാര്യം എടുത്തുപറഞ്ഞാൽ അങ്ങേയ്ക്ക് അത് ബോദ്ധ്യമാകും. നമ്മുടെ സംസ്ഥാനത്ത് രണ്ടുമൂന്ന് ബാങ്കുകളിലുണ്ടായിട്ടുള്ള തകർച്ച, അതിനുകാരണമായത് ഭരണസമിതിയുടെയും അതുപോലെ ജീവനക്കാരുടെയുമെല്ലാം കൂട്ടായ കൊള്ളയുടെ ഭാഗമായാണ്. അത്തരം കാര്യങ്ങളിൽ കർശനമായ നിലപാട് സ്വീകരിക്കുന്നതോടൊപ്പം നിക്ഷേപകരെ സംരക്ഷിക്കാനാവശ്യമായ നടപടിയും സ്വീകരിക്കുന്നുണ്ട്.

<u>ശ്രീ. സജി ചെറിയാൻ</u>: സർ, ഇപ്പോൾ ടു ടയർ സിസ്റ്റം വന്നതോടുകൂടി പ്രാഥമിക ബാങ്കുകൾക്ക് വേണ്ടത്ര പരിഗണന ലഭിക്കുമോ എന്നൊരു ആശങ്കയുണ്ട്. ഡെപ്പോസിറ്റ് ലഭിക്കുന്നതിനും വായ്പ കൊടുക്കുന്നതിനും ഗ്യാരന്റിയുടെ പ്രശ്നമുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പ്രാഥമിക ബാങ്കുകളുടെ അധികാരങ്ങൾ അല്ലെങ്കിൽ അതിനുള്ള സഹായങ്ങൾ കേരള ബാങ്കിൽ ഉൾപ്പെടുത്തി കൊടുക്കുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, പ്രാഥമിക കാർഷിക വായ്പ സംഘങ്ങളെ സംബന്ധിച്ചിടത്തോളം ഇന്ന് അതിന്റെ പ്രവർത്തനങ്ങൾ നടക്കുന്ന രൂപത്തിൽ തന്നെ നടക്കുന്നുണ്ട്. അത് കൂടുതൽ ശക്തിയായി നടത്താൻ കഴിയും. ഒരു ഇടനില ഒഴിവാക്കുന്നതോടുകൂടി പലിശയിൽ തന്നെ വലിയ വ്യത്യാസം വരുത്താൻ കഴിയും. പ്രാഥമിക ബാങ്കുകളെ സംബന്ധിച്ചിടത്തോളം പുതിയ സാഹചര്യം കൂടുതൽ സഹായകരമാണ്. പ്രാഥമിക കാർഷിക വായ്പസംഘങ്ങളെല്ലാം തന്നെ കേരള ബാങ്കിലെ അംഗങ്ങളാണ്. അതുകൊണ്ടുതന്നെ കേരള ബാങ്കിന്റെ സാമ്പത്തികവും സർവ്വീസ്പരമായ എല്ലാവിധപിന്തുണ നിശ്ചയമായും ഈ പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾക്ക് നൽകാനും അത് കഴിഞ്ഞ ഏത് കാലത്തെക്കാൾ

നന്നായി അവയുടെ പ്രവർത്തനങ്ങളെ മുന്നോട്ടുകൊണ്ടുപോകാനും നമുക്ക് സാധിക്കും.

## ക്രൂസ് ടൂറിസത്തിന്റെ വികസനം

2(*182) ശ്രീമതി യു. പ്രതിഭ:
ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. വി. അബ്ദുറഹിമാൻ:
പ്രൊഫ. കെ. യു. അരുണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിലും വടക്കൻ ജില്ലകളിലും ക്രൂസ് ടൂറിസത്തിന്റെ സാധ്യത കണക്കിലെടുത്ത് പ്രസ്തുത ടൂറിസത്തിന്റെ പ്രോത്സാഹനത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ബി) ഉത്തര മലബാറിലേയ്ക്ക് കൂടുതൽ സഞ്ചാരികളെ ആകർഷിക്കുവാൻ തയ്യാറാക്കിയിട്ടുള്ള പദ്ധതികളെക്കുറിച്ച് അറിയിക്കാമോ;

(സി) ആലപ്പുഴയിൽ വിനോദസഞ്ചാരികളുമായി പോയ ഹൗസ് ബോട്ടിന് തീപിടിക്കാനിടയായ പശ്ചാത്തലത്തിൽ ഹൗസ് ബോട്ടുകളുടെ ലൈസൻസ് സംബന്ധിച്ച പരിശോധനയും അവയുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും

കർശന നടപടികൾ സ്വീകരിക്കുമോ;

(ഡി) സംസ്ഥാനത്തെ വള്ളംകളികളെ ലീഗ് അടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ടൂറിസം വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ,

(എ) വടക്കൻ മലബാർ മേഖലയിലെ ടൂറിസം സാദ്ധ്യതകൾ വിപുലീകരിക്കുന്നതിനും കൂടുതൽ തദ്ദേശീയരും വിദേശിയരുമായ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനും വേണ്ടി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് മലനാട്-മലബാർ റിവർ ക്രൂയിസ് പദ്ധതി. 325 കോടി രൂപ അടങ്കൽ വരുന്ന ഒരു പദ്ധതിയാണിത്. കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ വിവിധ പുഴകളിലൂടെ സഞ്ചാരികൾക്ക് യാത്ര ചെയ്യുവാനും തദ്ദേശീയമായ വിവിധ കലാരൂപങ്ങൾ, പൈതൃകവും ചരിത്രപരവുമായ അവശേഷിപ്പുകൾ, ഭക്ഷണരീതികൾ എന്നിവ ആസ്വദിക്കുവാനും അനുഭവിച്ചറിയാനുമുള്ള അവസരമൊരുക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. മാഹിപ്പുഴ, അഞ്ചരക്കണ്ടിപ്പുഴ, വളപട്ടണം പുഴ, വലിയപറമ്പ കായൽ എന്നിവയിലാണ്

പദ്ധതിയുടെ പ്രധാന ഘടകങ്ങൾ വിഭാവനം ചെയ്തിട്ടുള്ളത്. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ സ്റ്റേറ്റ് പദ്ധതിയായി 17 പദ്ധതികൾക്ക് 53.07 കോടി രൂപയുടെ ഭരണാനുമതി നൽകുകയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

റൂറൽ സർക്യൂട്ട് പദ്ധതിയിൽ ഉൾപ്പെടുത്തി മലനാട്-മലബാർ റിവർ ക്രൂയിസ് പദ്ധതിക്കായി കേന്ദ്ര സർക്കാർ 80.37 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ പ്രധാനമായും ബോട്ട് ജെട്ടികൾ/ടെർമിനലുകൾ എന്നിവയ്ക്ക് പുറമെ ബോട്ട് പവലിയനും ഉൾപ്പെടുന്നു.

കൊച്ചി വെല്ലിംഗ്ടൺ ഐലന്റിനോട് ചേർന്ന് ക്രൂയിസ് ടൂറിസം ഫെസിലിറ്റേഷൻ സെന്ററും, പെർഫോർമിംഗ് ആർട്സ് തിയേറ്ററുകളും (കൂത്തമ്പലം) നിർമ്മിക്കുന്നതിനായി 4.84 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ നിർമ്മാണം തുടങ്ങുന്നതിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഉത്തര മലബാറിലേയ്ക്ക് കൂടുതൽ സഞ്ചാരികളെ ആകർഷിക്കുവാൻ തയ്യാറാക്കിയിട്ടുള്ള പദ്ധതികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

**<u>മലനാട് മലബാർ റിവർ ക്രൂയിസ്</u>**

വടക്കൻ മലബാറിലെ കായലിലൂടെയും പുഴകളിലൂടെയും ഉള്ള വിനോദസഞ്ചാരവും വടക്കൻ കേരളത്തിലെ കലയും സംസ്കാരവും ഗ്രാമീണതയും യോജിപ്പിച്ചുകൊണ്ടുള്ള ഒരു ബൃഹത് പദ്ധതിയാണിത്. കണ്ണൂർ ജില്ലയിൽ കൂടി ഒഴുകുന്ന വളപട്ടണം, കുപ്പം, പെരുമ്പ, അഞ്ചരക്കണ്ടി, മാഹി, തലശ്ശേരി പുഴകളും, കാസർഗോഡ് ജില്ലയിലെ നീലേശ്വരം, കാരംകോഡ്, ചന്ദ്രഗിരിപ്പുഴ മുതലായ ജലാശയങ്ങളുടെയും തീരപ്രദേശങ്ങളുടെയും സമീപപ്രദേശങ്ങളുടെയും പ്രാധാന്യവും ചരിത്രപരവുമായ വസ്തുതകളും ഉൾപ്പെടുത്തിയിട്ടുള്ളതാണ് ഈ പദ്ധതി.

**<u>തലശ്ശേരി ഹെറിറ്റേജ് പ്രോജക്ട്</u>**

തലശ്ശേരി പൈതൃക മൂല്യങ്ങൾ സംരക്ഷിച്ചുകൊണ്ട് മലബാർ മേഖലയുടെ ചരിത്രം, കല, സംസ്കാരം എന്നിവയെ കോർത്തിണക്കി സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുന്നതിന് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണിത്. 3 ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന പ്രസ്തുത പദ്ധതി 4 സർക്യൂട്ടുകളായി തരംതിരിച്ചാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഹാർബർ സർക്യൂട്ട്, പഴശ്ശി സർക്യൂട്ട്, ഫോക്‌ലോർ സർക്യൂട്ട്, കൾച്ചറൽ സർക്യൂട്ട് എന്നീ

വിഭാഗങ്ങളിലായി ആകെ 40 ഡെസ്റ്റിനേഷനുകളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്നത്. ആകെ 137 കോടി രൂപയാണ് ആദ്യഘട്ട പദ്ധതി ചെലവായി കണക്കാക്കിയിട്ടുള്ളത്. കിഫ്ബി വഴി പദ്ധതി നടപ്പാക്കാനുള്ള തത്വത്തിലുള്ള ഭരണാനുമതി ലഭ്യമായിട്ടുണ്ട്.

കൂടാതെ സംസ്ഥാന ഫണ്ടുപയോഗിച്ച് ആദ്യഘട്ടത്തിൽ ഏറ്റെടുത്ത നാല് പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. കൂടാതെ 33 കോടി രൂപ ചെലവ് വരുന്ന 11 പദ്ധതി ഘടകങ്ങൾക്ക് സംസ്ഥാന ഫണ്ടുപയോഗിച്ച് നടപ്പാക്കാൻ അനുമതി നൽകുകയും ആയതിന്റെ പ്രവൃത്തി ആരംഭിക്കാവുന്ന ഘട്ടത്തിൽ എത്തുകയും ചെയ്തിട്ടുണ്ട്.

**<u>ധർമ്മടം-മുഴപ്പിലങ്ങാട് ബീച്ചുകളുടെ സമഗ്രവികസന പദ്ധതി</u>**

വടക്കൻ കേരളത്തിലെ ടൂറിസം വികസനവുമായി ബന്ധപ്പെട്ട് പുതുതായി ആരംഭിച്ച കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിലെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്ന വിധത്തിൽ ഏഷ്യയിലെ ഏറ്റവും നീളം കൂടിയ ഡ്രൈവ് ഇൻ ബീച്ച് വികസനവും ഉൾപ്പെടെ ധർമ്മടം തുരുത്തിൽ പരിസ്ഥിതി സൗഹൃദമായ "ധർമ്മടം-മുഴപ്പിലങ്ങാട് കടൽതീര പ്രദേശം" പദ്ധതി ആവിഷ്കരിച്ച് അന്താരാഷ്ട്ര നിലവാരമുള്ള ടൂറിസം ഡെസ്റ്റിനേഷനായി

വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട്-ധർമ്മടം ബീച്ചുകളുടെ വികസനം ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് കൺസൾട്ടന്റിനെ ടെണ്ടർ നടപടികളിലൂടെ തെരഞ്ഞെടുക്കുകയും M/s CBRE സൗത്ത് ഏഷ്യാ പ്രൈവറ്റ് ലിമിറ്റഡ് എന്ന ഏജൻസിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിക്ക് 233.71 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി കിഫ്ബി മുഖേന നടപ്പിലാക്കുവാൻ തീരുമാനിക്കുകയും ആയതിലേയ്ക്കായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി M/s KIIDC -നെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

**<u>കോഴിക്കോട് ബീച്ച്</u>**

കോഴിക്കോട് നഗരത്തിനോട് ചേർന്ന് കിടക്കുന്ന വിനോദസഞ്ചാരികളുടെ പ്രധാന ആകർഷണ കേന്ദ്രമായ കോഴിക്കോട് സ്പോർട്സ് സോൺ ബീച്ച് വികസനത്തിനായി 4.99 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവയിൽ പ്രധാനമായി കുട്ടികളുടെ കളിസ്ഥലം, കളി ഉപകരണങ്ങൾ, സൈക്കിൾ ട്രാക്ക് & ജോഗിംങ്ങ് ട്രാക്ക്, ഗ്യാലറി, ടോയ്‌ലറ്റ് ബ്ലോക്ക്, ഓപ്പൺ ജിം എക്യുപ്മെന്റ്സ് എന്നിവയാണ് പ്രധാനമായും ഉൾപ്പെട്ടിട്ടുള്ളത്.

**<u>ലൈറ്റ് ആന്റ് സൗണ്ട് ഷോ ബേക്കൽ ഫോർട്ട്</u>**

കാസർഗോഡ് ബേക്കൽ കോട്ടയുടെ ആകർഷണം വർദ്ധിപ്പിക്കുന്നതിനും മോടി കൂട്ടുന്നതിനുമായി "സെറ്റിങ് അപ് ഓഫ് ലൈറ്റ് ആന്റ് സൗണ്ട് ഷോ ആന്റ് ഡൈനാമിക് ഇല്യൂമിനേഷൻ അറ്റ് ബേക്കൽ ഫോർട്ട്, കേരള" എന്ന പദ്ധതിക്ക് 400,00,000/- രൂപയുടെ ഭരണാനുമതി നൽകി പണി പൂർത്തിയാക്കിയിട്ടുണ്ട്.

**<u>കോഴിക്കോട് മിഠായി തെരുവിന്റെ സൗന്ദര്യവൽക്കരണം</u>**

കോഴിക്കോട് നഗരത്തിലെ പ്രധാനപ്പെട്ട വാണിജ്യകേന്ദ്രമായ മിഠായിത്തെരുവിന്റെ സൗന്ദര്യവൽക്കരണത്തിനുവേണ്ടി 2.65 കോടി രൂപ ചെലവഴിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

**<u>കാരാപ്പുഴ ഡാം</u>**

ഭാരതത്തിലെ ഏറ്റവും വലിയ ഡാമുകളിൽ ഒന്നായ കേരളത്തിലെ വയനാട് ജില്ലയിൽ സ്ഥിതി ചെയ്യുന്ന കാരാപ്പുഴ ഡാമിന്റെ ടൂറിസം സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിനും, കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിനും വേണ്ടി 4 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പദ്ധതി നിർമ്മാണ പ്രവർത്തനമാരംഭിക്കുകയും ചെയ്തിട്ടുണ്ട്.

**<u>പൂക്കോട് തടാകം</u>**

വയനാട് ജില്ലയിലെ പ്രകൃതിരമണീയമായ പൂക്കോട് തടാകവും, പരിസരപ്രദേശങ്ങളും നവീകരിക്കുന്നതിന്റെയും പുനഃസ്ഥാപിക്കുന്നതിന്റെയും ഭാഗമായി 8.84 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പദ്ധതി നിർമ്മാണ പ്രവർത്തനമാരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഹൗസ് ബോട്ടുകളുടെ ലൈസൻസ് സംബന്ധിച്ച് പരിശോധിക്കുന്നതും ലൈസൻസ് നൽകുന്നതും ടൂറിസം വകുപ്പിന്റെ അധികാരപരിധിയിൽ വരുന്ന കാര്യമല്ല. ഇക്കാര്യത്തിൽ ബന്ധപ്പെട്ട വകുപ്പുകളുമായി ആലോചിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് തീരുമാനിച്ചിരുന്നു. ഇന്നലെ അതുമായി ബന്ധപ്പെട്ട വകുപ്പുകളുടെ ഒരു യോഗം ചേർന്നിരുന്നു. ഈയടുത്ത കാലത്ത് വേമ്പനാട്ട് കായലിലുണ്ടായ ഹൗസ് ബോട്ടിന്റെ തീപിടിത്തത്തിന്റെ പശ്ചാത്തലത്തിൽ കൂടുതൽ കർശനമായിട്ടുള്ള നടപടികൾ ഇക്കാര്യത്തിൽ സ്വീകരിക്കാനും മറ്റും തീരുമാനമെടുത്തിട്ടുണ്ട്. ടൂറിസം വകുപ്പിന് മാത്രമായി ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാകുമെന്നും പരിശോധിക്കാവുന്നതാണ്.

(ഡി) കേരളത്തിലെ പ്രധാന ചുണ്ടൻ വള്ളംകളി മത്സരങ്ങളെ

കോർത്തിണക്കി പ്രഥമ ചാമ്പ്യൻസ് ബോട്ട് ലീഗ് 2019 വിനോദസഞ്ചാര വകുപ്പ് 5 ജില്ലകളിലെ 12 വേദികളിൽ സംഘടിപ്പിച്ചു.

പ്രഥമ ചാമ്പ്യൻസ് ബോട്ട് ലീഗ് ദേശീയ അന്തർദേശീയ തലങ്ങളിൽ കേരളത്തിന്റെ പുതിയ വിനോദസഞ്ചാര ഉല്പന്നമായി പ്രചരിപ്പിക്കുവാൻ വകുപ്പ് നടപടികൾ എടുത്തിരുന്നു. പ്രൈസ് മണി, ബോണസ് എന്നീ ഇനങ്ങളിൽ 5.9 കോടി രൂപ മത്സരാർത്ഥികൾക്ക് നൽകുകയുണ്ടായി.

ചാമ്പ്യൻസ് ബോട്ട് ലീഗ് 2020 സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പുരോഗമിക്കുന്നു.

<u>ശ്രീമതി യു. പ്രതിഭ</u>: സർ, കേരള ടൂറിസത്തിന്റെ ഫലപ്രദമായ മാർക്കറ്റിംഗ് വഴി മഹാപ്രളയത്തിന്റെ കെടുതികളെവരെ മറികടക്കാൻ കഴിഞ്ഞിട്ടുണ്ട്. കേരള ടൂറിസം പ്രോത്സാഹനത്തിനുവേണ്ടി 320 കോടി രൂപ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മാറ്റിവയ്ക്കുമ്പോൾ അതിൽ 63 കോടി രൂപ മാർക്കറ്റിംഗിനാണ് എന്നുള്ളത് പ്രതീക്ഷ നൽകുന്നു. ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണത്തിൽ 18.5 ശതമാനത്തിന്റെയും വിദേശ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ 8.24 ശതമാനത്തിന്റെയും വളർച്ച ഈ പ്രതിസന്ധികാലഘട്ടത്തിലും നമുക്ക് കൈവരിക്കുവാൻ കഴിഞ്ഞു. അതിലൂടെ വരുമാനം വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്.

അഭ്യസ്തവിദ്യരായ, പ്രത്യേകിച്ച് നല്ല കമ്മ്യൂണിക്കേറ്റീവ് സ്കിൽസുള്ള ഒരുപാട് ചെറുപ്പക്കാർ നമ്മുടെ നാട്ടിലുണ്ട്. അപാരമായ തൊഴിൽ സാധ്യതകൾ ഈ മേഖലയിലുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ ദിവസം, സഞ്ചാരികളോട് മാന്യമായി പെരുമാറുന്നതിലൂടെയും അവർക്കുവേണ്ട സംവിധാനങ്ങൾ ഒരുക്കുന്നതിലൂടെയും കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കുവാൻ കഴിയുമെന്ന് പറഞ്ഞു. ചെറുപ്പക്കാരെ ടൂറിസ്റ്റ് ഗൈഡുകളായി നിയമിക്കുന്നതിനുവേണ്ടിയുള്ള പ്രത്യേക ഇടപെടലുകൾ അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതു പോലെ, വലിയ പ്രതിസന്ധികൾക്കിടയിലാണ് വ്യവസായത്തിന്റെ മുന്നോട്ടുള്ള യാത്ര. ഓഖി, നിപ വൈറസ്, 2018, 2019 വർഷങ്ങളിലെ പ്രളയം ഇതെല്ലാം ബാധിച്ചത് ഈ മേഖലയിൽ തന്നെയാണ്. ഫലപ്രദമായ പ്രചാരണപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയതിന്റെ ഭാഗമായി നമുക്ക് അതിനെ മറികടക്കാൻ സാധിച്ചതുകൊണ്ടാണ് അങ്ങ് ഇവിടെ സൂചിപ്പിച്ചതായ സ്ഥിതിവിവരക്കണക്കുകൾ നമുക്ക് രേഖപ്പെടുത്തുവാൻ സാധിക്കുന്നത്. കൊറോണ രോഗം വന്നതോടെ നമ്മുടെ സംസ്ഥാനം വീണ്ടുമൊരു പ്രതിസന്ധി ഘട്ടത്തിലാണ് നിൽക്കുന്നത്. അതിനെ സംസ്ഥാന ദുരന്തമായി

പ്രഖ്യാപിച്ചതിലൂടെ ടൂറിസ്റ്റുകളുടെ ഇങ്ങോട്ടുള്ള വരവിനെ ശക്തിയായി തടയുന്ന സ്ഥിതി ഉണ്ടായിട്ടുണ്ട്. ഏതായാലും അത് പരിഹരിക്കുന്നതിനുള്ള മാർക്കറ്റിംഗ് തന്ത്രങ്ങൾ ആവിഷ്കരിക്കുവാനായി ഇൻഡസ്ട്രിയിലെ പ്രമുഖ ആളുകളുമായുള്ള കൂടിയാലോചന നടത്തുകയാണ്. അതിന്റെയടിസ്ഥാനത്തിൽ മാർക്കറ്റിംഗ് തന്ത്രങ്ങൾ ആവിഷ്കരിച്ച് മുന്നോട്ട് പോകുവാൻ സാധിക്കുമെന്നുതന്നെയാണ് നമ്മുടെ പ്രതീക്ഷ.  ടൂറിസം ഇൻഡസ്ട്രിയുടെ വളർച്ചയിൽ വളരെ പ്രധാനപ്പെട്ട ഘടകമായി വരുന്നത് അതിഥി ദേവോ ഭവ: എന്ന ആപ്തവാക്യം സാധിതപ്രായമാക്കുക എന്ന ലക്ഷ്യത്തോടുകൂടിയുള്ള സഞ്ചാരികളോടുള്ള നമ്മുടെ പെരുമാറ്റമാണ്. അത് നാട്ടുകാരുടെയോ ഗൈഡുകളുടെയോ പെരുമാറ്റമായിരുന്നാലും ആധുനിക കാലത്തിനനുസരിച്ച് പരിഷ്കരിക്കണമെന്ന നിലയിൽ തന്നെയാണ് ഗവൺമെന്റ് ആലോചിക്കുന്നത്. അതിനുവേണ്ടിയുള്ള പരിശീലന പരിപാടികൾ കിറ്റ്സിന്റെ നേതൃത്വത്തിൽ നടക്കുന്നുണ്ട്. ഷോർട്ട് ടേം കോഴ്സുകൾ നടത്തി ഇപ്പോഴുള്ള ജീവനക്കാരെയും പുതുതായി യുവതീയുവാക്കളെയും ഇക്കാര്യത്തിൽ പരിശീലിപ്പിച്ച് ഈ രംഗത്ത് കൊണ്ടുവരണമെന്ന് ആഗ്രഹിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വലിയ തൊഴിൽ സാധ്യതയാണ് ഈ

മേഖലയിലുള്ളത്. സംസ്ഥാനമാകെ ഒരു ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ എന്ന നിലയിലേയ്ക്ക് വികസിപ്പിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്.

ശ്രീമതി യു. പ്രതിഭ: സർ, കഴിഞ്ഞ തവണ തിരുവനന്തപുരത്ത് ബസ് ടൂറിസത്തിനുവേണ്ടിയുള്ള വലിയ ഒരു ഇടപെടൽ നടത്തുമോ എന്ന് ചോദിച്ചപ്പോൾ അങ്ങ് നടത്തുമെന്ന് പറഞ്ഞു. ഇപ്പോൾ വളരെ ഭംഗിയായി ഇതുനടത്താൻ കഴിയുന്നുണ്ട്. തിരുവനന്തപുരം ഡി.ടി.പി.സി.യുടെ ഇതര വിനോദസഞ്ചാര കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്ന ബസ് ടൂറിസം ആരംഭിച്ചിട്ടുണ്ട്. അതുപോലെ കഴിഞ്ഞ ബഡ്ജറ്റിലെ ഏറ്റവും ആകർഷകമായ പ്രഖ്യാപനമായിരുന്നു ബോട്ട് ലീഗ്. അതിലേയ്ക്കായി 20 കോടി രൂപ ഈ വർഷവും മാറ്റിവച്ചിട്ടുണ്ട്. കായംകുളം അടക്കമുള്ള പ്രദേശങ്ങളിൽ വളരെ ഭംഗിയായി ചാമ്പ്യൻസ് ബോട്ട് ലീഗിന്റെ വള്ളംകളി മത്സരം ആവേശകരമായി സംഘടിപ്പിക്കുവാൻ ഞങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. ലക്ഷക്കണക്കിന് ആളുകളാണ് വള്ളംകളിയിലൂടെ കായികവിനോദ സാധ്യത കണ്ട് ഉപയോഗപ്പെടുത്തിയത്. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്തും തുടർന്നുമൊക്കെ വന്നിട്ടുള്ള കുറേ ഫണ്ടുകൾ ചെലവഴിച്ച് കായംകുളം അടക്കമുള്ള പ്രദേശങ്ങളിൽ ചെയ്ത

നിർമ്മാണ പ്രവർത്തനങ്ങൾ തീരദേശപരിപാലന നിയമത്തിൽ കുടുങ്ങിക്കിടക്കുകയാണ്. ആലപ്പുഴയിൽ ഏകദേശം അഞ്ച് പ്രോജക്ടുകളോളം തീരദേശപരിപാലന നിയമത്തിൽ കുരുങ്ങിക്കിടക്കുകയാണ്. അവിടേയ്ക്ക് വലിയ തോതിൽ ആളുകൾ വരികയാണ്. തുടർ പ്രവർത്തനങ്ങളിൽ ചില പോരായ്മകൾ നടക്കുന്നുണ്ട്. ആ തുടർ പ്രവർത്തനങ്ങൾക്ക് തീരദേശപരിപാലന അതോറിറ്റിയുടെ വലിയ ഒരു ഇടപെടൽ നടത്തണം. തുടർന്നും അവിടെയൊക്കെ വള്ളംകളി നടക്കേണ്ട പ്രദേശങ്ങളാണ്. അതിനുവേണ്ടി വളരെ സജീവമായ ഇടപെടൽ അങ്ങയുടെ ഭാഗത്തുനിന്ന് ഉണ്ടാകുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, നമ്മൾ ഏത് പദ്ധതിക്ക് പണം മുടക്കുമ്പോഴും രാജ്യത്ത് നിലവിലുള്ള നിയമത്തെ മാനിക്കാൻ സാധിക്കണം. നമ്മൾ സർക്കാരാണ്; സർക്കാരിന് അനന്തമായ അധികാരമുണ്ട്; എന്തും ചെയ്യും; ആരോടും ചോദിക്കേണ്ട കാര്യമില്ലായെന്ന മട്ടിൽ നടത്തുന്ന ചില നിർമ്മാണ പ്രവർത്തനങ്ങളുടെ ദുരന്തമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്. കോടിക്കണക്കിന് രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ച ആലപ്പുഴ ജില്ലയിൽ ഒരു മെഗാടൂറിസം പദ്ധതി അനാഥമായി കിടക്കുകയാണ്. ഒരു വകുപ്പും അനുമതി നൽകുന്നില്ല. തദ്ദേശഭരണ സ്ഥാപനങ്ങളുടെ അനുമതി

ലഭിക്കാത്തതുകാരണം വൈദ്യുതി കണക്ഷൻ എടുക്കാൻ സാധിക്കുന്നില്ല. അതുപോലെ മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കികൊടുക്കുവാൻ കഴിയുന്നില്ല. നമ്മുടെ രാജ്യത്ത് കുറേ നിയമങ്ങൾ നിലനിൽക്കുന്നുണ്ട്. ആ നിയമങ്ങൾ പാലിക്കാൻ നമുക്ക് ബാധ്യതയില്ലേ; നിയമങ്ങൾ ഞങ്ങൾക്ക് ബാധകമല്ല, ഞങ്ങൾ അധികാര കേന്ദ്രമാണ്, ഞങ്ങൾ എന്തും ചെയ്യും എന്ന നില സ്വീകരിച്ചാൽ നമ്മുടെ സമൂഹത്തിൽ ആരെങ്കിലും അംഗീകരിച്ചുതരുമോ? അതാണ് സംഭവിച്ചത്. ഏതായാലും കഴിഞ്ഞ മൂന്നരവർഷക്കാലമായി അനാഥമായി കിടക്കുന്ന, നിയമം ലംഘിച്ച് നിർമ്മിച്ച പ്രവൃത്തികളെല്ലാം ടൂറിസത്തിന് പ്രയോജനപ്പെടുത്തുന്നതിനുള്ള പരിശ്രമം നടക്കുകയാണ്. ആ പരിശ്രമം ഇവിടെ എത്തിയില്ലെന്ന് പറയുന്നത് ഖേദകരമാണ്. ആ പരിശ്രമം നടക്കുന്നുണ്ട്. ചാമ്പ്യൻസ് ബോട്ട് ലീഗിനെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത് വളരെ ശരിയാണ്. 12 വേദികളിൽ അഞ്ച് ജില്ലകളിലായി നടന്നു. 20 ലക്ഷത്തോളം ആളുകൾ നേരിട്ട് മത്സരങ്ങൾ കാണാനിടയാവുകയും ഒന്നരകോടി പ്രേക്ഷകർ അഞ്ച് ടെലിവിഷൻ ചാനലുകളിലൂടെയുള്ള തത്സമയ സംപ്രേക്ഷണത്തിലൂടെ സി.ബി.എൽ. (ചാമ്പ്യൻസ് ബോട്ട് ലീഗ്) മത്സരങ്ങൾ ആസ്വദിച്ചതായാണ് കണക്ക്.

ഇന്ത്യയിൽ തന്നെ ഏറ്റവും നല്ല പ്രൈസ് മണിയാണ് കൊടുക്കുന്നത്. 5.90 കോടി രൂപയുടെ പ്രൈസ് മണിയും ബോണസും എല്ലാം കൊടുത്തിട്ടുണ്ട്. ഏതായാലും തുഴച്ചിൽകാർക്കും വള്ളം ഉടമകൾക്കും ബോട്ട് ക്ലബ് അധികൃതർക്കും ഒരുപോലെ പ്രയോജനപ്രദമായ ഒന്നായി അതിനെ മാറ്റിയെടുക്കുവാൻ സാധിച്ചു. ഈ വർഷവും 2020 സി.ബി.എൽ. നടത്തുന്നതിനുവേണ്ടി ആദ്യത്തെ ആലോചനാ യോഗം നടന്നു. കഴിഞ്ഞ പ്രാവശ്യം കുറച്ച് പോരായ്മകളുണ്ടായിട്ടുണ്ട്. ആ പോരായ്മകളടക്കം പരിഹരിച്ചുകൊണ്ട് മത്സരം നടത്താൻ കഴിയുന്ന സ്ഥലങ്ങളിൽ മാത്രമേ മത്സരം നടത്താൻ സാധിക്കുകയുള്ളൂ എന്ന സ്ഥിതിയുണ്ട്. പലപ്പോഴും സമ്മർദ്ദങ്ങൾക്ക് വഴങ്ങി കാര്യങ്ങൾ ചെയ്യുന്നതിന്റെ ദുരന്തം ഇപ്രാവശ്യവും നമ്മൾ അനുഭവിച്ചു. അടുത്ത പ്രാവശ്യം എല്ലാവരുടെയും സഹകരണത്തോടുകൂടി ഈ മത്സരം നടത്താൻ കഴിയുന്ന സ്ഥലങ്ങളിൽ മാത്രമേ നടത്തുകയുള്ളൂ എന്ന നില സ്വീകരിക്കുവാൻ പോവുകയാണ്.

<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u>: സർ, ക്രൂയിസ് ടൂറിസം രണ്ട് വിധത്തിലാണ്. ഒന്ന്, ഉൾനാടൻ ജലാശയങ്ങളെ ഉപയോഗപ്പെടുത്തികൊണ്ടും മറ്റൊന്ന്, വിദേശത്തുനിന്നും ടൂറിസ്റ്റ് ഷിപ്പുകളിലെത്തുന്ന വിനോദസഞ്ചാരികളെ

ഉൾകൊള്ളിച്ചുകൊണ്ടുമാണ്. വിനോദസഞ്ചാരികളുടെ കാര്യത്തിൽ വലിയ വർദ്ധനവുണ്ട്. മാത്രമല്ല, ഓരോ വർഷവും കേരളത്തിലെത്തുന്ന വിദേശ കപ്പലുകളുടെ എണ്ണത്തിലും വലിയ വർദ്ധനവ് കാണുന്നുണ്ട്. ഇങ്ങനെ വരുന്ന ആളുകൾ ഒരു ദിവസമാണ് നമ്മുടെ സംസ്ഥാനത്ത് ആകെ ചെലവഴിക്കുന്നത്. രാവിലെ എത്തും വൈകുന്നേരം അവർ കപ്പലിൽ തിരിച്ചു പോകും. ഇതിനിടയിൽ പ്രധാനപ്പെട്ട സ്ഥലങ്ങൾ കാണുന്നതിനേക്കാൾ കേരളീയ ജീവിതം തൊട്ടറിയുവാനാണ് ശ്രമിക്കുന്നത്. അങ്ങനെയൊരു പഠനം നടത്തിയപ്പോൾ കാണാൻ കഴിഞ്ഞത്, കേരളീയ ജീവിതവും സംസ്കാരവും ഒക്കെ തൊട്ടറിയുന്ന സ്ഥലങ്ങൾ സന്ദർശിക്കുക എന്നുള്ളതാണ്. കൊച്ചി മണ്ഡലത്തിലെ ഫോർട്ട് കൊച്ചിയിലെ ഡോബിഘാന (അലക്കുകാരുടെ പ്രദേശം)യിൽ വിദേശ കപ്പലിൽ വരുന്ന നല്ലൊരുപങ്ക് യാത്രക്കാരും അരമണിക്കൂറെങ്കിലും ചെലവഴിക്കാറുണ്ട്. അതുപോലെ കുമ്പളങ്ങിയിൽ പോയി മീൻപിടിക്കുന്നത് എങ്ങനെയാണ്, കയർ ഗ്രാമങ്ങളിൽ ചെന്ന് റാട്ടിൽ ഇരിക്കുന്നത് എങ്ങനെയാണ് തുടങ്ങിയവ കാണുവാനാണ് താൽപ്പര്യം. ഇത്തരത്തിൽ ജീവിതം തൊട്ടറിയുന്ന നിലയിൽ അതിനെ പ്രോത്സാഹിപ്പിക്കുവാൻ കഴിയുന്ന പ്രത്യേക സെന്ററുകളെ ഐഡന്റിഫൈ

ചെയ്ത് അതുസംബന്ധിച്ച് പ്രചാരണം കൊടുത്താൽ നമുക്ക് മുന്നോട്ട് പോകാൻ കഴിയും. അക്കാര്യത്തിൽ വകുപ്പ് ആ നിലയ്ക്കുള്ള നീക്കം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, 2017-ൽ അംഗീകരിച്ച ടൂറിസം നയത്തിന്റെ കാതൽതന്നെ ഉത്തരവാദിത്വ ടൂറിസമാണ്. ഇന്ന് ലോകത്തുതന്നെ ഏറ്റവും ശ്രദ്ധേയമായ ഉത്തരവാദിത്വ ടൂറിസം നടപ്പിലാക്കുന്ന സംസ്ഥാനമായി കേരളം മാറിയിട്ടുണ്ട്. അതിന്റെ സാർവ്വദേശീയമായ നിരവധി അവാർഡുകൾ ലഭിച്ചിട്ടുണ്ട്. സ്റ്റേറ്റ് കോ-ഓർഡിനേറ്ററായ രൂപേഷ് കുമാറിനെ അന്താരാഷ്ട്ര തലത്തിൽ അംഗീകരിക്കുന്ന നിലയും വന്നിട്ടുണ്ട്. ഈ മിഷൻ രൂപീകരിച്ച് പ്രവർത്തിച്ചതിനുശേഷം 17,000 യൂണിറ്റുകൾ നമ്മുടെ സംസ്ഥാനത്ത് പ്രാദേശികമായി പ്രവർത്തിപ്പിക്കുവാൻ സാധിച്ചു എന്നുള്ളതാണ്. 31,432 പേർക്ക് നേരിട്ടും 61,548 പേർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കുന്ന നിലയിലേയ്ക്ക് നമ്മുടെ സംസ്ഥാനത്ത് ഉത്തരവാദിത്വ ടൂറിസം മിഷന്റെ പ്രവർത്തനങ്ങൾ കൊണ്ടുപോകുവാൻ സാധിച്ചു. അതിൽ മുഖ്യമായും അങ്ങ് ചൂണ്ടിക്കാണിച്ച ഗ്രാമീണ ടൂറിസം പാക്കേജുകൾ തന്നെയാണ് ലക്ഷ്യം വയ്ക്കുന്നത്. കരകൗശല നിർമ്മാണ യൂണിറ്റുകൾ, കൾച്ചറൽ യൂണിറ്റുകൾ, ജൈവ

പച്ചക്കറി ഉത്പാദനം, ഭക്ഷ്യോത്പാദനങ്ങൾ, ആർ.റ്റി. ഡ്രൈവർമാർ, ടൂർ ലീഡേഴ്സ് സർവ്വീസ് യൂണിറ്റുകൾ ഇതെല്ലാം പ്രധാനപ്പെട്ട തൊഴിൽ മേഖലകളായി ഐഡന്റിഫൈ ചെയ്ത് യുവതീയുവാക്കൾക്ക് പരിശീലനം നൽകിയിട്ടുണ്ട്. തുണിസഞ്ചി, ബാഗ്, പേപ്പർ ബാഗ് നിർമ്മാണം തുടങ്ങിയ കാര്യങ്ങളിലൊക്കെ പരിശീലനം നൽകി അവരെയെല്ലാവരെയും തന്നെ ഈ രംഗത്ത് കൊണ്ടുവരാൻ ശ്രമിച്ചു. ഇതിന്റെ ഭാഗമായി കഴിഞ്ഞ സാമ്പത്തിക വർഷം 24 കോടി രൂപയുടെ വരുമാനം തദ്ദേശീയർക്ക് ലഭ്യമാക്കാൻ കഴിഞ്ഞു എന്നാണ് നമ്മുടെ കണക്ക്. ആ നിലയിൽ ഉത്തരവാദിത്വ ടൂറിസത്തിനുതന്നെ പ്രാധാന്യം കൊടുക്കുന്ന ഒരു നയവും സമീപനവുമാണ് ഗവൺമെന്റ് ടൂറിസത്തിൽ നടപ്പിലാക്കി കൊണ്ടിരിക്കുന്നത്.

<u>ശ്രീ. വി. അബ്ദുറഹിമാൻ</u>: സർ, വടക്കൻ മലബാർ മുൻകാലങ്ങളിലൊന്നും ടൂറിസം ഭൂപടത്തിൽ ഉണ്ടായിരുന്നില്ലായെന്ന് പറയാം. മുമ്പ് കേരള ടൂറിസം എന്ന് പറയുമ്പോൾ ആലപ്പുഴ, കോവളം, തേക്കടി ഭാഗങ്ങളിലായിരുന്നു. ഇന്ന് ക്രൂയിസ് പദ്ധതി നടപ്പിലാക്കുമ്പോൾ മലബാറിന്റെ തനതായ സൗന്ദര്യം ആസ്വദിക്കുവാൻ കഴിയുന്ന ഏറ്റവും നല്ല പദ്ധതിയായാണ് ഇതിനെ കാണാൻ കഴിയുന്നത്. അതോടൊപ്പം തദ്ദേശീയരായ ടൂറിസ്റ്റുകൾക്ക് ഏറ്റവും

ആകർഷകമായ നിരവധി പദ്ധതികൾ അങ്ങ് വിവരിച്ചിട്ടുണ്ട്. ഇതൊക്കെയാണെങ്കിൽ കൂടി നിർമ്മാണ പ്രവൃത്തികളിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കേണ്ടതും ക്വാളിറ്റി ഉറപ്പുവരുത്തേണ്ടതുമുണ്ട്. കോടിക്കണക്കിന് രൂപ ഇത്തരത്തിലുള്ള നിർമ്മാണ പ്രവൃത്തികൾക്ക് ചെലവഴിക്കുമ്പോൾ സമയബന്ധിതമായി പ്രവർത്തനങ്ങൾ പൂർത്തീകരിക്കുവാൻ കഴിയണം. ക്വാളിറ്റി മോശമാകുമ്പോൾ ഒരു സീസൺ കഴിയുമ്പോൾ ഇടിഞ്ഞുവീഴുന്ന സംഭവമുണ്ട്. ഇവ ശ്രദ്ധിക്കാൻ എന്തെല്ലാം നടപടികളാണ് അങ്ങയുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുള്ളത്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം മുമ്പ് ടൂറിസം കഷ്ടിച്ച് തിരുവിതാംകൂർ മേഖലയിൽ മാത്രമായി ഒതുങ്ങിനിന്നിരുന്നു എന്നുള്ളത് വാസ്തവമാണ്. മലബാറിന്റെ ടൂറിസം സാദ്ധ്യതകളെ ചൂഷണം ചെയ്യാനും അവയെ ഉപയോഗപ്പെടുത്താനുമുള്ള കാര്യമായ പരിശ്രമങ്ങളൊന്നും കഴിഞ്ഞ കാലത്ത് നടന്നിരുന്നില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തിന്റെ ടൂറിസം സാദ്ധ്യതകളെ പൊതുവായി ഉപയോഗപ്പെടുത്താൻ ശ്രദ്ധിക്കുന്നുണ്ട്. കേരളത്തിന്റെ സാമ്പത്തിക രംഗത്തെ വളർച്ച വളരെ പെട്ടെന്നുതന്നെ

പന്ത്രണ്ടോ പതിമൂന്നോ ശതമാനമാക്കി കൊണ്ടുവരുന്നതിനുള്ള ക്രിയാത്മകമായ പരിപാടിയാണ് ആവിഷ്കരിച്ചിരിക്കുന്നത്. അതിന്റെ ഭാഗമായാണ് മലബാറിനെ ഒരു പ്രധാനപ്പെട്ട ഡെസ്റ്റിനേഷനായി കണ്ടുകൊണ്ടുള്ള വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തത്. അതിന് ഗുണമുണ്ടായിട്ടുണ്ട്. ഇന്ന് സാർവ്വദേശീയമായി മലബാർ മേഖല ടൂറിസ്റ്റുകളെ ആകർഷിക്കുന്ന കേന്ദ്രമായിട്ടുണ്ട്. ഒരുപക്ഷേ കോവളത്ത് വരുന്നതിനേക്കാളധികം വിദേശ വിനോദസഞ്ചാരികൾ മലബാറിന്റെ തീരപ്രദേശങ്ങളിലേയ്ക്ക് എത്തിച്ചേർന്നിട്ടുണ്ട്. കഴിഞ്ഞ പ്രാവശ്യം കാസർഗോഡ് കടൽത്തീരത്താണ് ഏറ്റവും കൂടുതൽ വിദേശ ടൂറിസ്റ്റുകൾ എത്തിയത്. അവിടെ കോവളത്തുള്ളതുപോലെയുള്ള സൗകര്യങ്ങളില്ലെങ്കിലും ബേക്കൽ കടൽത്തീരമൊക്കെ സന്ദർശിക്കാനായി ടൂറിസ്റ്റുകൾ വരികയുണ്ടായി. കാസർഗോഡ്, കണ്ണൂർ ജില്ലകളിലെ കടൽത്തീരങ്ങളാണ് ടൂറിസ്റ്റുകളെ വലിയ തോതിൽ ആകർഷിച്ചത്. അതുകൊണ്ട് കോടിക്കണക്കിന് രൂപയുടെ വികസന പദ്ധതികളാണ് ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. അങ്ങ് സൂചിപ്പിച്ച പ്രധാനപ്പെട്ട പ്രശ്നം നേരിടുന്നുണ്ടെന്നുള്ളത് ശരിയാണ്. സമയബന്ധിതമായി ഇവയെല്ലാം പൂർത്തീകരിക്കുന്നതിനുവേണ്ടി വകുപ്പുമന്ത്രിയുടെയും സെക്രട്ടറിയുടെയും നേതൃത്വത്തിൽ ഓരോ

ഡെസ്റ്റിനേഷനിലും നടക്കുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച് വിവിധ തലങ്ങളിൽ നിരന്തര പരിശോധനകൾ നടത്തി മുന്നോട്ടുപോകുകയാണ്.

മി. സ്പീക്കർ: ടൂറിസത്തെ സംബന്ധിച്ച വിഷയമായതുകൊണ്ട് ധാരാളം ഉപചോദ്യങ്ങളുണ്ട്. അതുകൊണ്ട് ചോദ്യവും ഉത്തരവും ചുരുക്കുന്നത് നന്നായിരിക്കും.

പ്രൊഫ. കെ. യു. അരുണനുവേണ്ടി ശ്രീ. എ. എൻ. ഷംസീർ: സർ, ടൂറിസത്തിന്റെ അനന്തസാദ്ധ്യതകളെ ഫലപ്രദമായി വിനിയോഗിക്കുന്നതിൽ പിണറായി സർക്കാരിൽ അങ്ങ് നല്ല പരിശ്രമമാണ് നടത്തുന്നത്. അതിന്റെ ഭാഗമായി ജിയോഗ്രഫിക്കൽ ബാലൻസിംഗുണ്ട്. തെക്കും വടക്കും ഒരുപോലെ ടൂറിസത്തിന്റെ സാദ്ധ്യതകൾ അങ്ങ് ഉപയോഗപ്പെടുത്തി. അതിന്റെ ഭാഗമാണ് മലബാർ റിവർ ക്രൂയിസ് ടൂറിസം പദ്ധതി. 2010-ൽ ശ്രീ. കോടിയേരി ബാലകൃഷ്ണൻ ടൂറിസം വകുപ്പുമന്ത്രിയായിരുന്നപ്പോഴുള്ള പ്രോജക്ടാണിത്. അത് പിന്നീട് നിശ്ചലമായി. ഇപ്പോൾ അത് വീണ്ടും renovate ചെയ്തു. പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാനാവശ്യമായ ഇടപെടൽ അങ്ങയുടെ ഭാഗത്തുനിന്നുമുണ്ടാകണം. അതോടൊപ്പം ഇത്തരം പ്രോജക്ടുകളുടെ മെയിന്റനൻസിന് സംവിധാനമുണ്ടാകണം. പല പ്രോജക്ടുകളും

നിർമ്മിക്കുമെങ്കിലും അത് പിന്നീട് അനാഥമാകുന്ന സാഹചര്യമാണുള്ളത്. അതുകൊണ്ട് ഇത്തരം സംവിധാനങ്ങൾ മെയിന്റയിൻ ചെയ്യാൻ ടൂറിസം വകുപ്പിന്റെ ഭാഗത്തുനിന്നും ഫലപ്രദമായ ഇടപെടലുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, അങ്ങനെതന്നെയാണ് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ ദിവസം അദ്ദേഹത്തിന്റെ നേതൃത്വത്തിൽ അവിടെ നടക്കുന്ന പ്രവർത്തനങ്ങളുടെ അവലോകനം നടത്തുകയുണ്ടായി. സമയബന്ധിതമായി പദ്ധതി പൂർത്തിയാക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ട് പോകുന്നതാണ്.

ശ്രീ. വി. ടി. ബൽറാം: സർ, ഉത്തര മലബാറിന്റെ ടൂറിസം വികസന സാദ്ധ്യതകളെക്കുറിച്ചും കായൽ ടൂറിസത്തെക്കുറിച്ചും തലശ്ശേരി അടക്കമുള്ള പ്രദേശങ്ങളിലെ ടൂറിസം സാദ്ധ്യതകളെക്കുറിച്ചുമൊക്കെ അങ്ങിവിടെ പറഞ്ഞു. നമ്മുടെ നാടുമായി ബന്ധപ്പെട്ട് നോക്കുമ്പോൾ വളരെയധികം സാംസ്കാരിക-ടൂറിസം പ്രാധാന്യമുള്ള പ്രദേശമാണ് ഭാരതപ്പുഴ. അതിന്റെ ഇരുകരകളിലുമായി നിരവധി സാംസ്കാരിക സ്ഥാപനങ്ങളുണ്ട്. ധാരാളം എഴുത്തുകാരുടെയും കലാ-സാംസ്കാരിക പ്രവർത്തകരുടെയും പ്രവർത്തന മേഖലകൂടിയാണ് ഭാരതപ്പുഴയുടെ

ഇരുകരകളിലുമുള്ള പ്രദേശങ്ങൾ. നേരത്തെ മലബാറിലെ പദ്ധതികളെക്കുറിച്ച് സൂചിപ്പിച്ചതുപോലെ, ഇവയെല്ലാം കോർത്തിണക്കി ഭാരതപ്പുഴ ടൂറിസം സർക്യൂട്ടിന് സർക്കാർ ഗൗരവതരമായ പരിഗണന നൽകുമോ? ഭാരതപ്പുഴയുടെ തീരത്ത് എന്റെ മണ്ഡലത്തിൽപ്പെട്ട പ്രദേശത്താണ് 'പറയിപെറ്റ പന്തിരുകുലം' അടക്കമുള്ള ഐതിഹ്യങ്ങളുള്ളത്. വിദേശ ടൂറിസ്റ്റുകൾക്ക് ഇത്തരം ഐതിഹ്യങ്ങളിൽ സ്വാഭാവികമായും താല്പര്യമുണ്ടാകാറുണ്ട്. അതിനെ മാർക്കറ്റ് ചെയ്യുന്ന തരത്തിൽ ഭാരതപ്പുഴ കേന്ദ്രീകരിച്ച് വെള്ളിയാങ്കല്ല് അടക്കമുള്ള ഡെസ്റ്റിനേഷനുകൾ, കലാമണ്ഡലം, ബഹുമാനപ്പെട്ട സ്പീക്കറുടെ മണ്ഡലത്തിലുള്ള മ്യൂസിയം എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള സമഗ്രമായ പദ്ധതിയെക്കുറിച്ച് സർക്കാർ ഗൗരവപൂർവ്വം ആലോചിക്കുമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, അങ്ങ് പറഞ്ഞത് ശരിയാണ്. ചമ്രവട്ടം പുഴയോര സ്നേഹപാത, തിരൂർ തുഞ്ചൻ മെമ്മോറിയൽ ട്രസ്റ്റ് ആന്റ് റിസർച്ച് സെന്ററിന്റെ പുനർനിർമ്മാണം, ചമ്രവട്ടം പുഴയോര സ്നേഹപാതയുടെ രണ്ടാം ഘട്ടം, പൊന്നാനി ടൂറിസം സ്ക്വയർ കർമ്മ റോഡ് വിനോദ സഞ്ചാര വികസന പദ്ധതി, ഗ്രീൻ കാർപ്പറ്റ് കോട്ടക്കുന്ന് പാർക്കിന്റെ സൗന്ദര്യവൽക്കരണം, ചമ്രവട്ടം നിളാ ഹെറിറ്റേജ് മ്യൂസിയം നിർമ്മാണ

പദ്ധതി, നിളയോരം പാർക്ക് പുനരുദ്ധാരണ പദ്ധതി, മാമാങ്കം ചാവേർത്തറ ഹെറിറ്റേജ് ടൂറിസം പ്രോജക്ട്, തിരുമാന്ധാംകുന്ന്, അങ്ങാടിപ്പുറം, ചെമ്പൈ വൈദ്യനാഥ ഭാഗവതർ സാംസ്കാരിക കേന്ദ്രമ്യൂസിയം നിർമ്മാണ പദ്ധതി, ഒ. വി. വിജയൻ മെമ്മോറിയൽ റൈറ്റേഴ്സ് വില്ലേജ് ട്രസ്റ്റ്, പാലക്കാട് മലമ്പുഴ റോക്ക് ഗാർഡൻ നവീകരിക്കൽ, വെള്ളിനേഴി കലാഗ്രാമം തുടങ്ങി ഭാരതപ്പുഴ കേന്ദ്രീകരിച്ചുകൊണ്ടുള്ള ഒരു പദ്ധതിയെക്കുറിച്ച് ആലോചിക്കാവുന്നതാണ്.

ശ്രീമതി വീണാ ജോർജ്ജ്: സർ, പത്തനംതിട്ട ജില്ലയിലെ വിവിധ പൈതൃക കേന്ദ്രങ്ങളെ കൂട്ടിയിണക്കി ജില്ലയ്ക്കുവേണ്ടി ഒരു പൈതൃക ടൂറിസം പദ്ധതി നടപ്പിലാക്കുമെന്ന് എന്റെ സബ്മിഷന് മറുപടിയായി ബഹുമാനപ്പെട്ട മന്ത്രി സഭയിൽ പറഞ്ഞിരുന്നു. ജില്ലയ്ക്ക് ലഭിക്കാവുന്ന ഏറ്റവും വലിയ പരിഗണനയാണത്. ഈ പദ്ധതിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ട്രാവൻകൂർ ഹെറിറ്റേജ് പ്രോജക്ടിന്റെ ഭാഗമാക്കി ആ പദ്ധതിയും കൊണ്ടുവരണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. പത്തനംതിട്ട ജില്ലയ്ക്കുവേണ്ടി മാത്രമായി ഒരു പദ്ധതിയാക്കി മാറ്റണോ ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള ട്രാവൻകൂർ ഹെറിറ്റേജ് പ്രോജക്ടിന്റെ

ഭാഗമാക്കണോ എന്നുള്ള ആലോചനയിലാണ്. അടിയന്തരമായി അതിന്റെ നടപടികളുമായി മുന്നോട്ട് പോകുന്നതാണ്.

ശ്രീ. പി. ടി. തോമസ്: സർ, കേരളത്തിന്റെ പൈതൃക ടൂറിസം, പ്രത്യേകിച്ച് ആലപ്പുഴയിലെ ഹൗസ് ബോട്ട് ടൂറിസം ലോകപ്രശസ്തമാണ്. ആലപ്പുഴയിലെ മനോഹരമായ ഹൗസ് ബോട്ട് സവാരിക്കിടയിൽ ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ Erudite പ്രോഗ്രാമിന്റെ ഭാഗമായി കേരളത്തിലെത്തിയ ലോകപ്രശസ്ത നോബൽ സമ്മാന ജേതാവ് Michael Levitt അപമാനിക്കപ്പെട്ട സംഭവത്തിൽ എന്ത് നടപടി സ്വീകരിച്ചു? ലോകപ്രശസ്തനായ നോബൽ സമ്മാന ജേതാവ് അപമാനിക്കപ്പെട്ട സംഭവം ടൂറിസ്റ്റുകൾക്കുള്ള മുന്നറിയിപ്പ് മാത്രമല്ല ഇന്ത്യയ്ക്കാകെ അപമാനമുണ്ടാക്കിയ കാര്യമാണ്. അങ്ങനെയുള്ള ആളുകൾക്ക് എന്ത് പ്രൊട്ടക്ഷൻ കൊടുത്തു? അദ്ദേഹം കേരള ഗവൺമെന്റിന്റെ അതിഥിയായിരുന്നു. ജനവരി 8-ാം തീയതി ഹർത്താലാണെന്ന് അറിഞ്ഞിട്ടും അദ്ദേഹത്തിന് എന്തുകൊണ്ട് പോലീസ് പ്രൊട്ടക്ഷൻ കൊടുത്തില്ല; ഇക്കാര്യത്തിൽ മറുപടി പറയാൻ കഴിയുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ആ സംഭവത്തിൽ അങ്ങയെപ്പോലെയോ അതിലുപരിയോ ഖേദമുള്ള ആളാണ് ഞാൻ.

ശ്രീ. പി. ടി. തോമസ്: സർ, അതുകൊണ്ട് കാര്യമില്ല.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, കാര്യമില്ലെന്ന് അങ്ങേയ്ക്ക് പറയാം. പക്ഷേ, എനിക്കതിൽ വളരെ വിഷമമുണ്ട്. നമ്മുടെ ടൂറിസം ഇൻഡസ്ട്രിക്കുതന്നെ അപമാനകരമായ സംഭവമായിരുന്നു അത്. അന്ന് എല്ലാവരുംകൂടി ചേർന്ന് തീരുമാനമെടുത്ത് ടൂറിസം ഇൻഡസ്ട്രിയെ ഹർത്താലിൽനിന്നും ഒഴിവാക്കിയിട്ടുണ്ടായിരുന്നു. രണ്ട് സാമൂഹ്യവിരുദ്ധരാണ് ഈ സംഭവത്തിന്റെ പിന്നിലുള്ളത്. Michael Levitt-നെപ്പോലെയുള്ള വളരെ ശ്രദ്ധേയനായ എഴുത്തുകാരന്, നോബൽ സമ്മാന ജേതാവിന്, എന്തുകൊണ്ട് പ്രൊട്ടക്ഷൻ കൊടുക്കാൻ സാധിച്ചില്ലെന്ന് ചോദിച്ചാൽ അദ്ദേഹം സർക്കാർ സംവിധാനങ്ങൾ അറിയാതെയാണ് ഈ കേന്ദ്രത്തിലേയ്ക്ക് പോയത്. അതുകൊണ്ടാണ് അദ്ദേഹത്തിന് പ്രൊട്ടക്ഷൻ കൊടുക്കാൻ സാധിക്കാതിരുന്നത്. അതിനെതിരെ വളരെ ശക്തമായ നടപടി സ്വീകരിച്ചു. അവരെ കസ്റ്റഡിയിലെടുത്ത് അറസ്റ്റ് ചെയ്ത് ജയിലിൽ പാർപ്പിച്ചു. അവർ ഇപ്പോൾ ജാമ്യത്തിലിറങ്ങി. ഇക്കാര്യത്തിലൊന്നും ഒരു വിട്ടുവീഴ്ചയും ചെയ്യുന്നതല്ല.

ശ്രീ. പി. ടി. തോമസ്: സർ, സർക്കാർ അറിയാതെയാണ് അദ്ദേഹം വന്നതെന്ന് പറയരുത്.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, അദ്ദേഹം സർവ്വകലാശാലയിൽ പ്രഭാഷണം നടത്തുന്നതിനുവേണ്ടി വന്നതാണ്. അദ്ദേഹത്തിന്റെ ആ യാത്ര സർക്കാരിനെ അറിയിക്കാതെ സ്വകാര്യ യാത്രയാക്കി മാറ്റി എന്നുള്ളതാണ്. ചിലർ അങ്ങനെ ചെയ്യാറുണ്ട്. അദ്ദേഹം അങ്ങനെ പോകാൻ ആഗ്രഹിച്ച് പോയതാണ്. ഈ അനിഷ്ട സംഭവമുണ്ടായത് സംസ്ഥാനത്തിനും ടൂറിസം ഇൻഡസ്ട്രിക്കും നമുക്കെല്ലാവർക്കും നാണക്കേടും അപമാനവുമാണ്. അതുകൊണ്ട് വളരെ ശക്തമായ നടപടിയെടുത്തിട്ടുണ്ട്.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>): സർ, ഇക്കാര്യത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി വിശദീകരിച്ചുകഴിഞ്ഞു. ആലപ്പുഴയിൽ വിനോദസഞ്ചാരിയുമായി പോയ ഹൗസ് ബോട്ടിന്റെ സംഭവം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഹൗസ് ബോട്ടുകൾക്ക് ലൈസൻസ് കൊടുക്കുന്നത് തുറമുഖ വകുപ്പാണ്. ഇത്തരത്തിൽ അനധികൃതമായ നിരവധി ഹൗസ് ബോട്ടുകളുണ്ടെന്നതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ആലപ്പുഴ ജില്ലയിലെ ജനപ്രതിനിധിയുടെയും മന്ത്രിമാരുടെയും ഉദ്യോഗസ്ഥരുടെയും യോഗം ചേർന്ന് കർശന നടപടി സ്വീകരിക്കുന്നതിനുള്ള

നടപടികളുമായി മുന്നോട്ട് പോകുകയാണ്. ഹൗസ് ബോട്ടുകളുടെ ലൈസൻസ് പരിശോധിച്ചുവരികയാണ്. അനധികൃതമായി ഓടുന്ന ഹൗസ് ബോട്ടുകൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ശ്രീ. എസ്. ശർമ്മ: സർ, ടൂറിസം രംഗത്ത് അതിരുകളില്ലാത്ത സാധ്യതകളുള്ള ഒരു സംസ്ഥാനമാണ് കേരളം. ആ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തി മാതൃകാപരമായ പദ്ധതികൾക്ക് രൂപകല്പന ചെയ്തുവരുന്നുണ്ട്. കൊച്ചി നഗരത്തിന്റെ ഒരു വിളിപ്പാടകലെ 9 ദ്വീപുകൾ സംഗമിക്കുന്ന ഒരു സ്ഥലമാണ് കടമക്കുടി. മനോഹരമായ ഒരു തീര ഗ്രാമമാണ്. അവിടത്തെ വികസനത്തിന് പ്രകൃതി സൗന്ദര്യം സംരക്ഷിച്ചും ഇക്കോ ഫ്രണ്ട്ലിയുമായ ഒരു ടൂറിസം വികസന പദ്ധതി തയ്യാറാക്കി ഗവൺമെന്റിന്റെ മുന്നിൽ സമർപ്പിച്ചിട്ടുണ്ട്. ബഹുമാന്യനായ മന്ത്രി സ്ഥലം സന്ദർശിച്ചിരുന്നതാണ്. ആ പദ്ധതിക്ക് എത്രയും പെട്ടെന്ന് അംഗീകാരം നൽകി നടപടി സ്വീകരിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ആ സ്ഥലം ഞാൻ കണ്ടതാണ്. വളരെ മനോഹരവും പ്രകൃതിരമണീയവുമായ സ്ഥലമാണ്. ഇക്കോ

ടൂറിസത്തിന്റെ സർവ്വസാദ്ധ്യതകളും ഉള്ളതാണ്. അതിനുവേണ്ടിയുള്ള നടപടി ഉടൻ ചെയ്യും.

ശ്രീ. ഐ. ബി. സതീഷ്: സർ, കേരളത്തിലെ ആദ്യത്തെ അഡ്വഞ്ചറസ് ടൂറിസം അക്കാഡമി വിളപ്പിൽ പഞ്ചായത്തിലെ ശാസ്താംപാറയിൽ ആരംഭിക്കാൻ തീരുമാനിച്ചതാണ്. അഡ്വഞ്ചറസ് ടൂറിസം അക്കാഡമിയുടെ പ്രവർത്തന/നിർമ്മാണ പുരോഗതി വിശദീകരിക്കാമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, അഡ്വഞ്ചറസ് ടൂറിസം അക്കാഡമിയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. വളരെ പെട്ടെന്നുതന്നെ അതിന്റെ നിർമ്മാണ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകും.

ക്വാറികളുടെ പ്രവർത്തനം

3(*183) ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. എൽദോ എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്വാറികളുടെ പ്രവർത്തനം മണ്ണിടിച്ചിലിനും ഉരുൾപൊട്ടലിനും മറ്റ്

പ്രകൃതിദുരന്തങ്ങൾക്കും കാരണമാകുന്നുവെന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ക്വാറികളുടെ പ്രവർത്തനം പശ്ചിമഘട്ടത്തിൽ വിള്ളലുകൾ, ഉരുൾപൊട്ടൽ, പുഴ വഴിമാറി ഒഴുകൽ എന്നിവയ്ക്ക് കാരണമാകുന്നു എന്നത് പഠനവിധേയമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പരിസ്ഥിതിലോല പ്രദേശങ്ങളിൽ നിലവിൽ ക്വാറികൾ അനുവദിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന അനധികൃത ക്വാറികളുടെ പ്രവർത്തനം അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ,

(എ) ക്വാറികളുടെ പ്രവർത്തനം മണ്ണിടിച്ചിലിനും ഉരുൾപൊട്ടലിനും മറ്റ് പ്രകൃതിദുരന്തങ്ങൾക്കും കാരണമാകുന്നുണ്ടോ എന്നത് സംബന്ധിച്ച് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് പരിശോധിച്ചിട്ടുണ്ട്. എന്നാൽ ക്വാറികളുടെ പ്രവർത്തനം മാത്രമാണ് ഇത്തരം പ്രകൃതി ദുരന്തങ്ങൾക്ക് കാരണമാണെന്ന്

കണ്ടെത്തിയിട്ടില്ല. കേരളത്തിൽ ഈ വിഷയത്തിൽ ശാസ്ത്രീയമായി പഠനം നടത്തുന്ന നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്, സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റ്, ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ എന്നിവരും പഠനം നടത്തിയിട്ടുണ്ട്. പാറമട സ്ഥിതി ചെയ്യുന്ന പ്രദേശങ്ങളിലും പാറമടയില്ലാത്ത പ്രദേശങ്ങളിലും ഉരുൾപൊട്ടലുകൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുന്നിന്റെ ചെരിവ്, തുടർച്ചയായി പെയ്യുന്ന മഴയുടെ അളവ്, മേൽമണ്ണിന്റെ കനം എന്നിവയും ഈ പ്രതിഭാസത്തിന് ആക്കം കൂട്ടുന്നുണ്ട്. കുന്നിൽ നിർമ്മിച്ചിട്ടുള്ള മഴക്കുഴികളും അവിടെയുള്ള മണ്ണിന്റെ ഘടനയുമാണ് കേരളത്തിൽ ഉരുൾപൊട്ടലുകൾ ഉണ്ടാകാനുള്ള കാരണമായി കണ്ടെത്തിയിട്ടുള്ളത്. ഇതുസംബന്ധിച്ച് വിശദമായ ഒരു പഠനം നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. പ്രകമ്പനം കുറവുള്ള രീതിയിൽ പാറ പൊട്ടിക്കുവാനായി നൂതന സാങ്കേതികവിദ്യയായ NONEL (നോൺ ഇലക്ട്രിക്കൽ ഡിറ്റണേറ്റർ ഉപയോഗിച്ചുള്ള ബ്ലാസ്റ്റിംഗ്) നിലവിൽ പ്രയോഗിച്ചുവരികയാണ്. പ്രസ്തുത സാങ്കേതികവിദ്യ ഉപയോഗിച്ചുമാത്രമേ പാറ പൊട്ടിക്കാവൂ എന്ന് ഇപ്പോൾ നിർദ്ദേശം നൽകുന്നുണ്ട്. ഇക്കാര്യം SEIAA-(State Environment Impact Assessment Authority)യുടെ

ശ്രദ്ധയിൽപ്പെടുത്തുകയും പാരിസ്ഥിതികാനുമതിയിൽ ഇത് ഒരു നിബന്ധനയായി ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ബി) ക്വാറികളുടെ പ്രവർത്തനം പശ്ചിമഘട്ടത്തിൽ വിള്ളലുകൾ, ഉരുൾപൊട്ടൽ, പുഴ വഴിമാറി ഒഴുകൽ എന്നിവയ്ക്ക് കാരണമാകുന്നു എന്നത് സംബന്ധിച്ച് ശാസ്ത്രീയമായ പഠനം നടത്തിയിട്ടില്ല. പശ്ചിമഘട്ടത്തിലെ ജൈവ വൈവിധ്യങ്ങളെ കുറിച്ച് പഠനം നടത്തിയ ഡോ. മാധവ് ഗാഡ്ഗിലും ഡോ. കസ്തൂരി രംഗനും ഖനനംമൂലമുണ്ടാകുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് പ്രതിപാദിച്ചിട്ടുണ്ടെങ്കിലും ഈ വിഷയങ്ങളിൽ വേണ്ടത്ര ശാസ്ത്രീയമായ പഠനം നടത്തി ആധികാരികവും ശാസ്ത്രീയവുമായ റിപ്പോർട്ടുകൾ നൽകിയിട്ടില്ല. കേരള നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ റിപ്പോർട്ടിൽ ക്വാറികളുടെ പ്രവർത്തനം, പശ്ചിമഘട്ടത്തിൽ വിള്ളലുകൾ, ഉരുൾപൊട്ടൽ, പുഴ വഴിമാറി ഒഴുകൽ എന്നിവയ്ക്ക് കാരണമാകുന്നുവെന്ന് പരാമർശിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ ശാസ്ത്രീയമായി പഠനം നടത്തുന്നതിന് കേന്ദ്ര സർക്കാർ ഏജൻസിയായ ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയോട് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് അപേക്ഷിച്ചിട്ടുണ്ട്.

(സി) പരിസ്ഥിതിലോല പ്രദേശങ്ങളായി വിജ്ഞാപനം

പുറപ്പെടുവിച്ചിട്ടുള്ള വില്ലേജുകളിൽ ക്വാറി പ്രവർത്തനത്തിന് നിലവിൽ ഖനനാനുമതി നൽകുന്നില്ല. പരിസ്ഥിതിലോല പ്രദേശമായി പ്രഖ്യാപിക്കുന്നതിന് മുമ്പ് ഇത്തരം ചില സ്ഥലങ്ങളിൽ അനുമതി നൽകിയിരുന്നു. അന്ന് നിലവിലുണ്ടായിരുന്ന ക്വാറികളുടെ പ്രവർത്തനം കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പിന്റെ ഓഫീസ് മെമ്മോറാണ്ട പ്രകാരം 2018-ൽ നിർത്തലാക്കിയിരുന്നു. നിലവിൽ ഏതു സ്ഥലത്തും ഖനനാനുമതി നൽകുന്നതിന് സ്റ്റേറ്റ് എൻവയോൺമെന്റൽ ഇംപാക്ട് അസസ്മെന്റ് അതോറിറ്റിയിൽ നിന്നും പാരിസ്ഥിതികാനുമതി (എൻവയോൺമെന്റൽ ക്ലിയറൻസ്) ആവശ്യമാണ്.

(ഡി) അനധികൃത ക്വാറികളുടെ പ്രവർത്തനം തടയുന്നതിനായി 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 108 പ്രകാരം നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ചട്ടം 108 പ്രകാരം കർശന നടപടി സ്വീകരിക്കണമെന്ന് 16-01-2020-ൽ ചേർന്ന യോഗം ജില്ലാ ജിയോളജിസ്റ്റുമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പെർമിറ്റ് ഏരിയ ലംഘിച്ച് ഖനനം നടത്തുകയാണെങ്കിൽ ചട്ടങ്ങളും നിയമങ്ങളും പ്രകാരം നടപടിയെടുക്കുന്നുണ്ട്. അനധികൃത ഖനനത്തിൽ ഏർപ്പെടുന്ന

വ്യക്തികൾക്കെതിരെ കോടതിയിൽ നിയമ നടപടി സ്വീകരിക്കുന്നതിനും ചട്ടങ്ങളിൽ വ്യവസ്ഥയുണ്ട്. അനധികൃത കരിങ്കല്ല് ഖനനം തടയുന്നതിന് സ്ഫോടക വസ്തുക്കളുടെ ദുരുപയോഗം തടഞ്ഞാൽ മതിയാകും. 1957-ലെ മൈൻസ് ആന്റ് മിനറൽസ് (ഡെവലപ്മെന്റ് ആന്റ് റെഗുലേഷൻ) ആക്ടിലെ സെക്ഷൻ 21(4) പ്രകാരം പോലീസ് വകുപ്പിലെ അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ റാങ്കിന് മുകളിലുള്ള ഉദ്യോഗസ്ഥർക്കും റവന്യൂ വകുപ്പിലെ വില്ലേജ് ഓഫീസർ മുതൽ ജില്ലാ കളക്ടർ വരെയുള്ള ഉദ്യോഗസ്ഥർക്കും അനധികൃത ഖനനം കണ്ടെത്തി നിർത്തിവയ്ക്കുന്നതിനുള്ള അധികാരമുണ്ട്. അത് ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയുമാണ്.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: സർ, പലതരം വികസന പ്രവർത്തനങ്ങൾക്ക് പാറയുടെ ആവശ്യം വലുതായുള്ള ഒരു സംസ്ഥാനമാണ് കേരളം. നമ്മുടെ പ്രകൃതിവിഭവം എന്നുള്ള നിലയിൽ മറ്റ് വിഭവങ്ങൾ എത്രയുണ്ട്; എത്രയാണ് ഉപയോഗിക്കാവുന്നത്; എത്രയാണ് പരിസ്ഥിതിക്ക് പരിക്കില്ലാതെ എടുക്കാവുന്നത്; എന്നതിനെക്കുറിച്ചെല്ലാം കൃത്യമായ കണക്കുകൾ പലയിടത്തും രൂപപ്പെടുത്തിയിട്ടുണ്ട്. പാറ പലതരത്തിലുണ്ട്. എടുക്കാവുന്നതും എടുത്തുകൂടാത്തതുമുണ്ട്. അങ്ങ് സൂചിപ്പിച്ചതുപോലെ, ചരിവുള്ളത്, നിൽക്കുന്ന

പാറ, അത് തൊട്ടുകൂടാത്തതാണ്. ഇരിക്കുന്ന പാറ, അത് ചെറുതായി തൊടാം. ഉറങ്ങുന്ന പാറ, അതിൽ നിന്ന് നമുക്ക് വേണമെങ്കിൽ എടുക്കാം. ഇങ്ങനെ പാറയെ തരംതിരിച്ചിട്ടുള്ള കേരളത്തിൽ മണ്ണിന് മുകളിലുള്ള പാറകളിൽ എടുക്കാവുന്നതും എടുത്തുകൂടാത്തതും സംബന്ധിച്ച് റവന്യൂ വകുപ്പ്, വനം വകുപ്പ്, വ്യസവസായ വകുപ്പ് തുടങ്ങിയ വകുപ്പുകളെല്ലാം കൂടി പഠനം നടത്തി എടുക്കാവുന്ന പാറയെക്കുറിച്ചും എടുക്കാവുന്ന രീതിയെക്കുറിച്ചും അതിന്റെ അടിസ്ഥാനത്തിൽ ലിസ്റ്റ് ഔട്ട് ചെയ്ത് ഈ സമൂഹത്തെ അറിയിക്കാൻ അങ്ങ് തയ്യാറാകുമോ?

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, പഠനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഉരുൾപൊട്ടലിന് കാരണമായ ഘടകങ്ങളെക്കുറിച്ച് 2010-ൽ നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് ആന്റ് സ്റ്റഡീസ് എന്ന സ്ഥാപനം വിശദമായ പഠനം നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ഉരുൾപൊട്ടലുകൾ സംഭവിക്കാൻ സാധ്യതയുള്ള സ്ഥലങ്ങളുടെ മാപ്പുകൾ തയ്യാറാക്കുകയും ചെയ്തു. അപ്രകാരം തയ്യാറാക്കിയ മാപ്പുകളിൽ ഉരുൾപൊട്ടലുകൾ സംഭവിക്കാൻ സാധ്യതയുള്ള പ്രദേശങ്ങളെ മൂന്ന് വിഭാഗങ്ങളായി തരംതിരിച്ചിട്ടുണ്ട്. അതിൽ ഒന്നാണ് ഹൈ ഹസാർഡ്സ് സോൺ, ഉരുൾപൊട്ടാൻ വളരെയധികം

സാധ്യതയുള്ള പ്രദേശമാണ്. മീഡിയ ഹസാർഡ്സ് സോൺ, അത് താരതമ്യേന ഉരുൾപൊട്ടാൻ സാധ്യത കുറഞ്ഞ മേഖലയാണ്. ലോ ഹസാർഡ്സ് സോൺ, ഉരുൾപൊട്ടലിന് സാധ്യത ഏറ്റവും കുറഞ്ഞ മേഖല. ഇതിൽ ഹൈ ഹസാർഡ്സ് സോൺ, മാപ്പുകളിൽ ചുവന്ന ചായം അടിച്ചാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അതുകൊണ്ട് ഇത് 'റെഡ് സോൺ' എന്ന പേരിലാണ് അറിയപ്പെടുന്നത്. ഈ റെഡ് സോണിൽ മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ഒരു തരത്തിലുള്ള ലൈസൻസുകളും നൽകുന്നില്ല. ഇത് സംബന്ധിച്ച് നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പാലിച്ചുകൊണ്ടാണ് എല്ലാ നടപടികളും സ്വീകരിക്കുന്നത്. അതുകൊണ്ട് ഇത് ഒരുപരിധിവരെ നിയന്ത്രിക്കാൻ സാധിക്കുന്നുണ്ട് എന്നുള്ളതാണ് യാഥാർത്ഥ്യം.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: സർ, പാറ ഒരു പ്രകൃതിവിഭവമാണ്. പ്രകൃതിവിഭവങ്ങൾ പൊതുസമൂഹത്തിന്റെ ഉടമസ്ഥതയിലുള്ളതാണ്. അങ്ങനെയാണെങ്കിൽ ആ പ്രകൃതിവിഭവം കേരളത്തിൽ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്നത് ഗവൺമെന്റ് നിയന്ത്രണത്തിലുള്ള പൊതുമരാമത്ത് വകുപ്പുതന്നെയാണ്. കേരളത്തിൽ പല ജില്ലയിലും പാറയുടെ വില നിശ്ചയിക്കുന്നത് പലതരത്തിലാണ്. ഒരു പ്രകൃതിവിഭവം പൊതു

ഉടമസ്ഥതയിലുള്ളതാകുമ്പോൾ പ്രത്യേകിച്ച് പാറ, പലതും റവന്യൂ വകുപ്പിന്റെ കീഴിലുള്ള ഗവൺമെന്റ് ഉടമസ്ഥതയിലാണ്. അതിന്റെ വില നിശ്ചയിക്കാനും സാധാരണ ഉപഭോക്താക്കൾക്ക് ന്യായമായ വിലയ്ക്ക് കിട്ടാനും അത് ഉപയോഗിക്കുന്ന പൊതുമരാമത്ത് വകുപ്പിന് ഉൾപ്പെടെ ഷോർട്ടേജില്ലാതെ കൊടുക്കുന്നതിനുള്ള ഒരു സംവിധാനം പൊതു ഉടമയിലേക്ക് കൊണ്ടുവന്ന് പൊതുവില ഗവൺമെന്റ് നിശ്ചയിച്ച് എവിടെയും അതിന് ഒരു വിലയ്ക്ക് കിട്ടാവുന്ന സംവിധാനമൊരുക്കുമോ?

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, അങ്ങ് പറഞ്ഞത് വളരെ പ്രധാനപ്പെട്ട ഒരു കാര്യം തന്നെയാണ്. ഒന്നാമതായി ഉന്നയിച്ച വിഷയം, കേരളത്തിൽ എല്ലാ സ്ഥലത്തും പാറയ്ക്ക് ഒരേവില നിശ്ചയിക്കാൻ സാധിക്കില്ല. ഭൂമിയുടെ വില തന്നെ കേരളത്തിലെ ഓരോ പ്രദേശങ്ങളിലും വ്യത്യസ്തമാണ്. അതുകൊണ്ടുതന്നെ പൊതുവായി, പാറയ്ക്ക് ഇത്രവില എന്നുപറഞ്ഞുകൊണ്ട് നിശ്ചയിക്കുന്നത് സാധാരണഗതിയിൽ പ്രായോഗികമല്ല. രണ്ടാമത്, ഈ പാറ നമ്മുടെ പ്രകൃതിയിലെ ഒരു സമ്പത്താണ്. ആ പാറ ഇപ്പോൾ കേരളത്തിൽ ഇന്ത്യയുടെതന്നെ ഘടന വച്ചുകൊണ്ട് സ്വകാര്യ സ്വത്തും പൊതുസ്വത്തുമായി കിടക്കുകയാണ്. ആ പാറ പൊട്ടിച്ച് വിപണനം നടത്തുന്നുണ്ട്. വിപണനം

നടത്തുന്നത് വൻവിലയ്ക്കാണ്. അതിന് ഒരു നിയന്ത്രണവുമില്ലാത്തതാണ് ഇപ്പോഴുള്ള സ്ഥിതി. അതുകൊണ്ടുതന്നെ മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ആലോചിക്കുന്നത്, ഇങ്ങനെ പാറപൊട്ടിച്ച് വിപണം നടത്തുമ്പോൾ അതിന് ഒരു വില നിശ്ചയിച്ച് ഈ രംഗത്ത് ഉണ്ടാകുന്ന വിലക്കയറ്റം തടഞ്ഞുനിർത്താൻ സാധിക്കുമെന്നുള്ള പ്രതീക്ഷയാണ്. അതുസംബന്ധിച്ച് വിശദമായ ഒരു പഠനം നടത്തിക്കൊണ്ടിരിക്കുകയാണ്. അധികം താമസിയാതെ തന്നെ അതുസംബന്ധിച്ചുള്ള നടപടികൾ സ്വീകരിക്കും.

മി. സ്പീക്കർ: ഓർഡർ.... ഓർഡർ... ചോദ്യോത്തരവേള അവസാനിച്ചിരിക്കുകയാണ്.

(ചോദ്യോത്തര സമയം കഴിഞ്ഞു).